ARCHDIOCESE OF TRICHUR
Estd. 1887

# TRICHUR ARCHDIOCESAN BULLETIN

2025 ഫെബ്രുവരി | വാല്യം: 92 | ലക്കം: 02




സ്നാപകന്റെ ദൗത്യം (യോഹ 3: 30)

# തൃശ്ശൂർ അതിരൂപതയിലെ നവവൈദികർ

ആശംസകളോടെ അതിരൂപത കുടുംബം



Fr. Chemmannoor Jeesmon
Perakom



Fr. Cheruthanickal
Frango Fronice
Vettukad



Fr. Cheruthanickal Prince
Vettukad



Fr. Kunnappillil Thejas
Bharatha



Fr. Kuruthukulangara Livin
Mannuthy



Fr. Manjaly Christo
Cathedral



Fr. Olakkengil Brilwin
Pavaratty



Fr. Akkaraparambil Linson
Puranattukara



Fr. Akkarapattiakal Joffin
Ambakkad



Fr. Akkarapattiekkal
Jesa
Puranattukara



Fr. Kannanaickal Salvin
Thangalur



Fr. Kattiparamban
Clinson
Pullazhy



Fr. Mangan Ajil
Peringottukara



Fr. Panengadan Clitn
Karumathra



Fr. Pattiakkal Allwyn
Puranattukara



Fr. Thekkekara Jackson
Puranattukara

Trichur Archdiocesan Bulletin TAB

ESTD: 1934

ഫെബ്രുവരി 2025

ലക്കം: 02 | വാല്യം: 92

02

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Shijo Chiriyankandath**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

## ഉള്ളടക്കം

| | |
|---|---|
| കച്ചേരിക്കാര്യം | 4 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 6 |
| സഹായമെത്രാന്റെ പരിപാടികൾ | 7 |
| നാളാഗമം | 8 |
| നാമകരണ നടപടികൾ | 18 |
| വൈദികർ | 22 |
| സന്യസ്തർ | 24 |
| വിശ്വാസ പരിശീലനം | 32 |
| സ്ഥാപനങ്ങൾ | 38 |
| സംഘടനകൾ | 58 |



# കച്ചേരി വാർത്തകൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**
**ഫെബ്രുവരി 2025**

2 : ദനഹാ അഞ്ചാം ഞായർ
ന. കർത്താവിന്റെ ദൈവാലയപ്രവേശനം
പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണതിരുനാൾ
4 : വി. ജോൺ ബ്രിട്ടോ
7 : ആദ്യവെള്ളി
ഗ്രീക്കുസഭാപിതാക്കന്മാർ
9 : ദനഹാ ആറാം ഞായർ
10 : മൂന്ന് നോമ്പാരംഭം
11 : ലൂർദ്ദ് മാതാവ് (രോഗീദിനം)
14 : സുറിയാനി സഭാപിതാക്കന്മാർ
16 : ദനഹാ ഏഴാം ഞായർ
21 : സീറോ മലബാർസഭയിലെ വിശുദ്ധർ
ഇടവക മധ്യസ്ഥന്റെ തിരുനാൾ
23 : ദനഹാ എട്ടാം ഞായർ
വി. പൊലിക്കാർപ്പ്
25 : വാ. സി. റാണി മരിയ

**2. ഫെബ്രുവരി മാസത്തെ പരിപാടികൾ**

05 : വൈദികസ്ഥലമാറ്റം
13–17 : യുവവൈദികരുടെ തുടർപരിശീലനപ്രോഗ്രാം
24 : സ്ഥലം മാറിയ വൈദികരുടെ യോഗം (10:00 am)
ഫൊറോനവികാരിമാരുടെ യോഗം (02:30 pm)
25 : ആലോചനസമിതി യോഗം (10:30 am)
28 : കൂരിയ ഏകദിനം (10:00 am)

**3. യുവവൈദികർക്കുള്ള തുടർപരിശീലനം**

2020–2023 തിരുപ്പട്ട സ്വീകരണ ബാച്ചുകൾ: നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികരുടെ (2020–2023 ബാച്ചുകൾ) തുടർപരിശീലന പ്രോഗ്രാം 2025 ഫെബ്രുവരി 17 തിങ്കൾ രാവിലെ 9.30 മുതൽ 18 ചൊവ്വ വൈകീട്ട് 7 മണി വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് പറോക്കിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. Organization Capacity Building എന്ന വിഷയത്തെ ആസ്പദ

മാക്കി യുവവൈദികരുടെ അജപാലന ശുശ്രൂഷകൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഉതകുന്ന രീതിയിലാണ് ഈ പ്രോഗ്രാം ഒരുക്കിയിരിക്കുന്നത്. ബഹു. വൈദികർ മറ്റെല്ലാ ഉത്തരവാദിത്തങ്ങളും ക്രമീകരിച്ച് പ്രസ്തുത പ്രോഗ്രാമിലെ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ!

2017–2019 തിരുപ്പട്ട സ്വീകരണ ബാച്ചുകൾ: നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികരുടെ (2017–2019 ബാച്ചുകൾ) തുടർപരിശീലന പ്രോഗ്രാം 2025 മാർച്ച് 10 തിങ്കൾ രാവിലെ 9.30 മുതൽ 11 ചൊവ്വ വൈകീട്ട് 7 മണി വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് പറോക്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. Creativity in Pastoral Life and Ministry എന്ന വിഷയത്തെ അധികരിച്ച് യുവവൈദികരുടെ അജപാലന ശുശ്രൂഷയിലെ വൈവിധ്യമാർന്ന മേഖലകൾ ചർച്ച ചെയ്യാൻ ഈ പ്രോഗ്രാം വേദിയൊരുക്കുന്നു. ബഹു. വൈദികർ മറ്റെല്ലാ ഉത്തരവാദിത്വങ്ങളും ക്രമീകരിച്ച് പ്രസ്തുത പ്രോഗ്രാമിലെ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ!


**4. വൈദികനിയമനം:**

1. ഫാ. ഡൈജോ പൊറുത്തൂർ – വൈസ് ചാൻസലർ കൂരിയ, പരിസ്ഥിതി സംരക്ഷണം, എഡിറ്റർ അതിരൂപത ബുള്ളറ്റിൻ, ഡയറക്ടർ കാരുണ്യ പ്രോജക്ട് ഓഫീസ്, സെക്രട്ടറി കരുണ ട്രസ്റ്റ്, സെക്രട്ടറി അതിർത്തിനിർണ്ണയ കമ്മറ്റി & തീർത്ഥാടനകേന്ദ്രകമ്മറ്റി, ഡയറക്ടർ മീഡിയ കത്തോലിക്ക സ്റ്റുഡിയോ കോംപ്ലക്സ് എന്നിവ ഒഴിവായി; സാധുത 2025 ജനുവരി 1 മുതൽ.

2. ഫാ. സാജൻ വടക്കൻ – ഡയറക്ടർ മീഡിയ കത്തോലിക്ക സ്റ്റുഡിയോ കോംപ്ലക്സ് കൂടി; സാധുത 2024 ഡിസംബർ 12 മുതൽ.

3. ഫാ. ഷിജോ ചിരിയങ്കണ്ടത്ത് – വൈസ് ചാൻസലർ കൂരിയ, പരിസ്ഥിതി സംരക്ഷണം, എഡിറ്റർ അതിരൂപത ബുള്ളറ്റിൻ, ഡയറക്ടർ കാരുണ്യ പ്രോജക്ട് ഓഫീസ്, സെക്രട്ടറി കരുണ ട്രസ്റ്റ് എന്നിവ കൂടി; സാധുത 2025 ജനുവരി 1 മുതൽ.

4. ഫാ. ആന്റോ ജോർജ്ജ് പാറേക്കാടൻ OFM.Cap. – സഹ വികാരി അരണാട്ടുകര; സാധുത 2024 ഡിസംബർ 12 മുതൽ 2025 ഫെബ്രുവരി 5 വരെ.



**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

## ENGAGEMENTS
### FEBRUARY 2025

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Sat | | Engaged |
| 3 | Mon | Morning | Personal meeting with the staff @ Marymatha Seminary |
| | | Evening | Nursing College Inauguration @ Vellappara, Palakkad |
| 4 | Tue | Morning | Jyothi Governing Body Meeting @ Jyothi |
| | | Afternoon | Send-off meeting @ Abp's House |
| 8 | Sat | Morning | Teachers' Guild, Meeting @ DBCLC |
| 10 | Mon | Morning | Holy Mass @ St. Mary's Minor Seminary |
| 11 | Tue | Afternoon | Message, Purathu Namaskaram @ Kaduthuruthi, Kottayam |
| 13 | Thu | Morning | Fifth child's baptism @ Ollur |
| 14 | Fri | | St. John's Geriatrics Centre Inauguration @ Bengaluru |
| 15 | Sat | Morning | Engaged |
| 17-18 | | | Young Priests' Ongoing formation @ DBCLC |
| 19 | Wed | Morning | Holy Mass @ Marymatha Seminary |
| 20 | Thu | Evening | Trust Meeting @ JMMC |
| 24 | Mon | Morning | Meeting with Transferred Vicars @ DBCLC |
| | | Afternoon | Meeting with Forance Vicars @ DBCLC |
| 25 | Tue | Morning | Consulters' Meeting @ Abp's House |
| 27-01 | | | CBCI Meeting @ New Delhi |

# ENGAGEMENTS

## FEBRUARY 2025

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Sat | Morning | Holymass @ Aluva CMC Generalate : Golden Jubilee of Sisters |
| 03 | Mon | Morning | Holymass @ MMMS |
| | | | Meeting with MMMS Staff |
| 04 | Tue | Morning | 4th Child Baptism @ Mukkatukara |
| | | Evdening | Annual Day & Retirement @ Perinchery LF LP School |
| 05 | Wed | Morning | Priests’ General Transfer |
| 07-21 | | | Leuven |
| 22 | Sat | Evening | Annual Day @ Pope Paul Mercy Home |
| 24 | Mon | Morning | Holymass @ SMMS |
| | | | Meeting of Priests who received transter @ DBCLC |
| | | Evening | Forance Vicars’ Meeting @ ABH |
| 25-27 | | | NBCLC Governing Body Meeting @ Goa |
| 28 | Fri | Morning | Holymass @ Spiritual Animation Centre One day Curia |



# നാളാഗമം

## ഡിസംബർ 2024

1. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വരാക്കര ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിച്ച് സ്നേഹോത്സവം ഉദ്ഘാടനം ചെയ്തു. വചനപാരായണ മാസാചരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം വരാക്കര ഇടവകയിൽ നിർവഹിച്ചു. കെ.സി.വൈ.എം. ദിനാചരണം ലൂർദ്ദ് കത്തീഡ്രലിൽ ഉദ്ഘാടനം ചെയ്തു. ഡി.ബി.സി.എൽ.സി.യിൽ വച്ചു നടന്ന വിശ്വാസപരിശീലന വിദ്യാർത്ഥികളുടെ ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പസ്റ്റൊലേറ്റ് സെന്ററിൽ വച്ചു നടന്ന കത്തോലിക്ക കോൺഗ്രസിന്റെ അതിരൂപതാതല നേതൃസംഗമം ഉദ്ഘാടനം ചെയ്തു. മുളയം നിർമ്മലദാസി മഠത്തിൽ ബഹു. സി. റോസിലിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. വൈകീട്ട് എരവിമംഗലം ഇടവകയുടെ സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പേരാമംഗലം ഇടവകയിൽ വി. കുർബാനയർപ്പിച്ച് സ്നേഹോത്സവ

ത്തിന് ആരംഭം കുറിച്ചു. തുടർന്ന് തൈക്കാട്ടുശ്ശേരി ഇടവകയിൽ കാരുണ്യ ഭവനം വെഞ്ചിരിച്ചു. ഫാമിലി അപ്പസ്തോലേറ്റിൽവെച്ച് നടത്തപ്പെട്ട നവദമ്പതികളുടെ സംഗമത്തിൽ പങ്കെടുത്തു. വൈകുന്നേരം ഫാമിലി അപ്പസ്തോലേറ്റിൽവെച്ച നടത്തപ്പെട്ട വിവാഹത്തിന്റെ അഞ്ചാം വാർഷികം ആഘോഷിക്കുന്ന ദമ്പതിമാരുടെ സംഗമത്തിൽ പങ്കെടുത്തു. വൈകുന്നേരം മർത്ത് മറിയം വലിയപള്ളിയുടെ സൺഡെ സ്കൂൾ വാർഷികത്തിൽ പങ്കെടുത്തു.

2. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് PAROCന്റെ നേതൃത്വത്തിൽ മേരിമാതാ സെമിനാരിയിൽ യുവജനങ്ങൾക്കു വേണ്ടിയുള്ള മെന്ററിംഗ് വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്തു. ബൊൻനത്താലെ 2024നോടനുബന്ധിച്ച് ഫാമിലി അപ്പസ്റ്റൊലേറ്റ് സെന്ററിൽ നടന്ന ദിവ്യകാരുണ്യ ആരാധന നേതൃത്വം നൽകി. മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ നടന്ന 'ദുനാമിസ്' ധ്യാനത്തൽ വചനസന്ദേശം നല്കി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടത്തപ്പെട്ട സീറോ മലബാർ സഭയിലെ ഡീക്കന്മാരുടെ സംഗമത്തിൽ പങ്കെടുത്തു.

3. ഡൽഹി സി.ബി.സി.ഐ. സെന്ററിൽ വച്ചു അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ക്രിസ്റ്റ്യൻ MPമാരുമായി സംവദിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പെരിങ്ങോട്ടുകര ഇടവക ദൈവാലയത്തിൽ തിരുനാൾ കൊടികയറ്റം നടത്തി.

4–5. പാലാരിവട്ടം പി.ഒ.സി.യിൽ വച്ചു നടന്ന കെ.സി.ബി.സി. സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

6. ബോൺ നത്താലെ 2024നോടനുബന്ധിച്ച് തൃശ്ശൂരിൽ നടക്കുന്ന ഹാർഫെസ്റ്റ് 2024ന്റെ കാൽനാട്ടൽ കർമ്മം വൈകീട്ട് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവഹിച്ചു. സ്നേഹോത്സവത്തിന്റെ സമാപനത്തോടനുബന്ധിച്ച് പേരാമംഗലം ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും സമാപന ചടങ്ങുകളിൽ പങ്കെടുക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വരാക്കര സൗത്ത് ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും സ്നേഹോത്സവത്തിന് സമാപന സന്ദേശം നൽകുകയും ചെയ്തു.

7. എയ്ഡഡ് സ്കൂൾ സ്ഥിരനിയമന നിരോധനത്തിനെതിരെ തൃശ്ശൂർ കോർപറേഷൻ ഓഫീസിനു മുന്നിൽ കേരള കാത്തലിക്

ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്തിൽ നടന്ന പ്രതിഷേധ ധർണ്ണയിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഗവേഷണ കേന്ദ്രത്തിന്റെ ഉപദേശക സമിതി യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. വിവാഹത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ദമ്പതികളുടെ സംഗമത്തോടനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ദമ്പതികൾക്ക് ഉപഹാരം സമർപ്പിക്കുകയും ചെയ്തു. പുതുരുത്തി ഇടവകയിൽ പുതുതായി പണികഴിച്ച ഹാളിന്റെ വെഞ്ചിരിപ്പു കർമ്മം നിർവഹിച്ചു.

8. ചേറൂർ സെന്റ് ജോസഫ് മഠത്തിന്റെ (മൗണ്ട് കാർമൽ സിസ്റ്റേഴ്സ്) സുവർണ ജൂബിലി ആഘോഷങ്ങൾ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. നവീകരിച്ച പള്ളിക്കുന്ന് ദൈവാലയം വെഞ്ചിരിച്ചു. ജെറുസലേം ധ്യാനകേന്ദ്രത്തിൽ വച്ചു നടന്ന ജെറുസലേം ബൈബിൾ കൺവെൻഷനിൽ വചന സന്ദേശം നല്കി. ഫാമിലി അപ്പസ്റ്റൊലേറ്റ് സെന്ററിൽ വച്ചു നടന്ന ബധിരമൂക ദമ്പതികളുടെ സംഗമത്തിൽ പങ്കെടുത്തു. സെന്റ് തോമസ് കോളേജിൽ വച്ചു നടന്ന കത്തോലിക്കസഭ പത്രത്തിന്റെ പ്രൊമോട്ടേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു. കുരിയച്ചിറ സെന്റ് പോൾസ് സ്കൂളിൽ വച്ചു നടന്ന ജീസസ് യൂത്ത് കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. പൂരത്തോടനുബന്ധിച്ചുള്ള ആചാര സംരക്ഷണത്തിനുവേണ്ടി തൃശ്ശൂർ കൗസ്തുഭം ഹാളിൽ വച്ച് നടന്ന സദസ്സിൽ സംസാരിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പാലയ്ക്കൽ ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

9. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ലൂർദ്ദ് നാഥ പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ചു. തിരുവില്ലാമല സെന്റ് പോൾസ് ഗുരുകുലം സെമിനാരി സന്ദർശിച്ച് വി. കുർബാനയർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അതിരൂപത മെത്രാസനമന്ദിരത്തിൽ വെച്ച് നടത്തപ്പെട്ട ഫിനാൻസ് കൗൺസിലിൽ പങ്കെടുത്തു.

10. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കോലഴിയിലുള്ള സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ചു. ചേറൂർ ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. വൈകുന്നേരം ജ്യോതി എഞ്ചിനിയറിംങ് കോളേജിന്റേയും ജുബിലി മെഡിക്കൽ കോളേജിന്റേയും ട്രസ്റ്റ് മീറ്റിംങ്ങിൽ പങ്കെടുത്തു.

11. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരി സന്ദർശിച്ച് ദിവ്യബലിയർപ്പിച്ചു. ലൂർദ്ദ് നാഥ കോൺവെന്റിൽ നടന്ന ബഹു. സി. ലിദീയ സി.എസ്.എം. ന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ചു നടന്ന സ്ത്രീ ശാക്തീകരണ പരിശീലന പരിപാടിയുടെ സമാപന യോഗത്തിൽ പങ്കെടുത്തു. തിരൂർ ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. വൈകുന്നേരം സെന്റ് തോമസ് കോളേജിന്റേയും എം ഐ ആശുപത്രിയുടേയും ട്രസ്റ്റ് മീറ്റിംങ്ങിൽ പങ്കെടുത്തു.

12. അതിരൂപതാ കേന്ദ്രത്തിൽ വച്ചു നടന്ന ആലോചന സമിതി യോഗത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ വച്ചു നടന്ന വൈദിക സമിതി യോഗത്തിൽ പങ്കെടുത്തു. വൈകീട്ട് പെരിങ്ങണ്ടൂർ പോപ് പോൾ മേഴ്സി ഹോമിലെ കുട്ടികളുടെ ജന്മദിനാഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കോലഴി സി. എം. സി സിസ്റ്റേഴ്സിന്റെ സിനാക്സിസിനൊരുക്കമായി അവർക്കുവേണ്ടി വി.കുർബാനയർപ്പിച്ചു അവരോട് സംസാരിച്ചു.

13. അഭിവന്ദ്യ പിതാക്കന്മാർ മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്തായെ സന്ദർശിച്ച് ജന്മദിനാശംസകൾ നേർന്നു. കാരുണ്യദിനത്തോട് അനുബന്ധിച്ച് ഭവനരഹിതർക്കായി നിർമ്മിച്ചു നല്കുന്ന രണ്ട് ഭവനങ്ങളുടെ കല്ലിടൽ കർമ്മം പുത്തൂർ, മനക്കൊടി എന്നീ സ്ഥലങ്ങളിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവഹിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ജന്മദിനാഘോഷവും ബൊൻ നത്താലെ സമിതി സംഘടിപ്പിച്ച കാരുണ്യദിനാചരണവും വൈകീട്ട് ഡി.ബി. സി.എൽ.സി.യിൽ നടന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആമ്പല്ലൂർ സ്പിരിച്ച്വൽ ആനിമേഷൻ സെന്റിൽ വി. കുർബാനയർപ്പിച്ചു.

14. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ചേറ്റുപുഴ എസ്.എ.ബി.എസ്. മഠത്തിൽ ദിവ്യബലിയർപ്പിച്ചു. കുരിയച്ചിറ സെന്റ് പോൾസ് സ്കൂളിൽ വച്ചു നടന്ന വിശ്വാസപരിശീലകരുടെ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. വിവാഹത്തിന്റെ സുവർണ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളുടെ സംഗമത്തോടനുബന്ധിച്ച് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ദമ്പതികൾക്ക് ഉപഹാരം സമർപ്പിക്കുകയും ചെയ്തു.

വൈകീട്ട് ഫാമിലി അപ്പസ്റ്റൊലേറ്റ് സെന്ററിൽ വച്ചു നടന്ന LOAFന്റെ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പെരിങ്ങണ്ടൂർ പീസ് ഹോമിൽ വി. കുർബാനയർപ്പിച്ചു. വൈകുന്നേരം കുരിയച്ചിറ സെന്റ് പോൾസ് സ്കൂളിൽവെച്ച് നടത്തിയ അതിരൂപത ടീച്ചേഴ്സ് മീറ്റിൽ വി. കുർബാനയർപ്പിച്ചു. നെല്ലങ്കര ഇടവകയിൽ സംഘടിപ്പിച്ച വിധവ-വിഭാര്യ സംഗമത്തിൽ വി. കുർബാനയർപ്പിച്ചു. അതിരൂപത കേന്ദ്രത്തിൽ വച്ചു നടന്ന ഫൊറാന കൗൺസിൽ സെക്രട്ടറിമാരുടെ യോഗത്തിൽ അഭിവന്ദ്യപിതാക്കന്മാർ സംബന്ധിച്ചു.

15. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഗോവയിലെ രാജ്ഭവൻ സന്ദർശിച്ച് ഗോവൻ ഗവർണർ ശ്രീ. പി. എസ്. ശ്രീധരൻ പിള്ളയുമായി കൂടിക്കാഴ്ച നടത്തി. വടക്കൻ ഗോവയിലെ തിവിമിലെ സെന്റ് തോമസ് സീറോ മലബാർ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. ഗോവയിലെ ബോം ജീസസ് ബസിലിക്ക സന്ദർശിച്ച് സെന്റ് ഫ്രാൻസിസ് സേവ്യറിന്റെ ഭൗതികശരീരത്തിങ്കൽ പ്രാർത്ഥന നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് എങ്ങണ്ടിയൂർ എം ഐ ആശുപത്രിയിൽ വി. കുർബാനയർപ്പിക്കുകയും ആശുപത്രി നിർമ്മിച്ചുനൽകിയ കാരുണ്യഭവനത്തിന്റെ വെഞ്ചിരിപ്പുകർമ്മം നടത്തുകയും ചെയ്തു. തൃശ്ശൂർ ബസിലിക്കാ ദൈവാലയത്തിൽവെച്ച് നടത്തപ്പെട്ട വിവാഹത്തിന്റെ പത്താം വാർഷികം ആഘോഷിക്കുന്നവരുടെ സംഗമത്തിൽ പങ്കെടുത്തു. വൈകുന്നേരം കണ്ണാറ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

16. അർണോസ് പാതിരിയുടെ ഭാരത പ്രവേശനത്തിന്റെ 325-ാം വർഷത്തോടനുബന്ധിച്ച് തൃശൂർ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തി ബുക്ക് ഓഫ് ഇന്ത്യ റെക്കോർഡ് സ്വന്തമാക്കിയ പുത്തൻപാനയുടെ സംഗീതനൃത്ത ആവിഷ്ക്കാരത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സന്നിഹിതനായിരുന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സ്നേഹപുരം ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

18. കേരള സംസ്ഥാന സർക്കാർ തൃശ്ശൂരിൽ സംഘടിപ്പിച്ച ന്യൂനപക്ഷ അവകാശ ദിനാചരണത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പങ്കെടുത്തു സംസാരിച്ചു. ഡി.ബി.സി.എൽ.സി.യിൽ വച്ച് തൃശ്ശൂർ അതിരൂപതയിലെ ഡീക്കന്മാരെ സന്ദർശിച്ച് അവരോടുകൂടെ സമയം ചെലവഴിച്ചു.

19. മാർ ജോൺ മേനാച്ചേരി പിതാവിന്റെ ചരമവാർഷികത്തോട്

അനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ ദിവ്യബലിയർപ്പിക്കുകയും പിതാവിന്റെ കബറിടത്തിൽ പ്രാർത്ഥിക്കുകയും ചെയ്തു. അർണോസ് പാതിരി സ്മാരകങ്ങളോടുള്ള സർക്കാർ അവഗണയ്ക്കെതിരെ തൃശ്ശൂർ ശക്തൻ കൊട്ടാരത്തിനു സമീപം സംഘടിപ്പിക്കപ്പെട്ട പ്രതിഷേധ ധർണ്ണയിൽ സംബന്ധിച്ചു. തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ 'കരുണയുടെ ദൂതന്മാർ' നടത്തിയ ക്രിസ്തുമസ് ആഘോഷം ഉദ്ഘാടനം ചെയ്തു. വിയ്യൂർ സെൻട്രൽ ജയിലിൽ നടത്തപ്പെട്ട ക്രിസ്തുമസ് ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. ഒളരിക്കര ഹോളി ഫാമിലി മഠത്തിൽ വച്ച് നടത്തപ്പെട്ട ബഹു. സി. ജൊവീതയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. തൃശ്ശൂർ ഡോളേഴ്സ് ബസിലിക്കയിൽ വച്ചു സംസ്ഥാന തലത്തിൽ നടത്തപ്പെട്ട കരോൾ ഗാനമത്സരത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. തൃശൂർ ബസിലിക്കാ ദൈവാലയത്തിൽവെച്ച് നടത്തപ്പെട്ട ഓൾ കേരള കരോൾ ഗാനമത്സരത്തിൽ സമ്മാനദാനം നിർവഹിച്ചു.

20. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ആമ്പല്ലൂരുള്ള സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിൽ ദിവ്യബലിയർപ്പിച്ചു. തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ഇടവക കുരിയച്ചിറയിൽ നിർമ്മിച്ച് നൽകിയ കാരുണ്യഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നടത്തി. വൈകുന്നേരം മെത്രാസനമന്ദിരത്തിൽ വെച്ച് നടത്തപ്പെട്ട കൺസ്ട്രക്ഷൻ കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു. ഡി ബി സി എൽ സിയിൽ വെച്ച് നടത്തപ്പെട്ട ഡീക്കന്മാരുടെ പങ്കുവയ്ക്കലിൽ പങ്കെടുത്തു. അതിരൂപത കേന്ദത്തിൽ വച്ചു നടന്ന ട്രൈബ്യൂണൽ-കൂരിയ സംയുക്ത യോഗത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

21. അതിരൂപത ബൈബിൾ പ്രേഷിതത്വത്തിന്റെ നേതൃത്വത്തിൽ സെന്റ് തോമസ് കോളേജിൽ നടത്തപ്പെട്ട പകർത്തിയെഴുതപ്പെട്ട ബൈബിളുകളുടെ പ്രദർശനം (സ്ക്രിപ്തൂര) അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. കുരിയച്ചിറയിൽ നടത്തപ്പെട്ട കുടുംബക്കൂട്ടായ്മ വനിത ഭാരവാഹികളുടെ സംഗമം ഉദ്ഘാടനം ചെയ്തു. ബൊൻ നത്താലെ 2024നോട് അനുബന്ധിച്ച് അതിരൂപത കേന്ദ്രത്തിൽ വച്ചു നടന്ന പ്രസ് മീറ്റിൽ പങ്കെടുത്തു. ഡി.ബി.സി.എൽ.സി.യിൽ തൃശ്ശൂർ ഡീക്കന്മാരുടെ മാതാപിതാക്കളുമായി സംവദിച്ചു. സ്ഥാപകപിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ച് കോലഴി ചാരിറ്റി ജനറലേറ്റിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വി. കുർബാന

യർപ്പിച്ചു. കുരിയച്ചിറ സെന്റ് ജോസഫ് സ്കൂളിൽവെച്ച് നടത്തപ്പെട്ട കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുത്തു. ഡി ബി സി എൽ സി യിൽ വെച്ച് നടത്തപ്പെട്ട ഡീക്കന്മാരുടെ മാതാപിതാക്കളുടെ സംഗമത്തിൽ വി. കുർബാനയർപ്പിച്ചു. വൈകീട്ട് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ചു നടന്ന ബഹു. ഫാ. ഡെന്നി താണിക്കലിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

22. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കണ്ണാറ ദൈവാലയം സന്ദർശിച്ച് അവിടെ ദിവ്യബലിയർപ്പിച്ചു. ഡി.ബി.സി.എൽ.സി.യിൽ വച്ചു നടന്ന വിശ്വാസപരിശീലന വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമത്തിൽ പങ്കെടുത്തു. സെന്റ് തോമസ് കോളേജിൽ വച്ചു നടന്ന ബൈബിൾ അപ്പസ്റ്റൊലേറ്റ് അവാർഡ് ഡേയുടെ ഉദ്ഘാടനം നിർവഹിച്ചു. ഡോളേഴ്സ് ബസിലിക്കയിൽ വച്ചു നടന്ന വലിയ കുടുംബങ്ങളുടെ കൂട്ടായ്മയിൽ (ല്ഹയീം മീറ്റ് 2024) പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബൊൻ നത്താലെയോട് അനുബന്ധിച്ച് തൃശ്ശൂരിൽ പലയിടങ്ങളിലായി നടക്കുന്ന ഒരുക്കങ്ങൾ സന്ദർശിച്ച് വിലയിരുത്തി. പെരിങ്ങണ്ടൂർ പീസ് ഹോമിലെ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു. തൃശ്ശൂർ മർത്ത് മറിയം വലിയ പള്ളിയിൽ വച്ചു നടന്ന എക്യുമെനിക്കൽ ക്രിസ്തുമസ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പാറേമ്പാടം ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും നവീകരിച്ച അൾത്താര വെഞ്ചിരിക്കുകയും ചെയ്തു. മുണ്ടത്തിക്കോട് നടത്തപ്പെട്ട മദ്യവിമുക്തദിനത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പ്രസംഗിച്ചു. സെന്റ് തോമസ് കോളേജ് പാലോക്കാരൻ ഹാളിൽവെച്ച് നടത്തപ്പെട്ട ബൈബിൾ ദിനത്തിൽ പങ്കെടുത്തു. വൈകുന്നേരം തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽവെച്ച് നടത്തപ്പെട്ട സീനിയർ സി എൽ സി കുടുംബസംഗമത്തിൽ പങ്കെടുത്തു. ചെമ്പൂക്കാവ് ഓർത്തഡോക്സ് ദൈവാലയത്തിൽ ക്രിസ്തുമസ് സന്ദേശം നൽകി. വൈകീട്ട് അതിരൂപത കേന്ദ്രത്തിൽ വച്ചു നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

23. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ന്യൂഡൽഹിയിൽ സി.ബി.സി.ഐ. ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്ത് അദ്ധ്യക്ഷപ്രസംഗം നടത്തി. ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. നെല്ലിക്കുന്ന് ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. ബഹു. ജോബ് വട

ക്കനച്ചന്റെ അമ്മയുടെ മൃതദേഹസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

24. ബോൺ നത്താലെ 2024നോട് അനുബന്ധിച്ച് തപാൽ വകുപ്പ് പുറത്തിറക്കിയ പോസ്റ്റൽ കാർഡ് അതിരൂപത കേന്ദ്രത്തിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും തൃശ്ശൂർ മേയറും ചേർന്ന് പ്രകാശനം ചെയ്തു. മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ 74-ാം ജന്മദിനത്തോടനുബന്ധിച്ച് പുനർജീവൻ പവിത്രാത്മശാന്തി ആശ്രമം ഭരതയിൽ നിർമ്മിച്ച കാരുണ്യ ഭവനത്തിന്റെ വെഞ്ചിരിപ്പു കർമ്മം നിർവഹിച്ചു. ലൂർദ്ദ് കത്തീഡ്രലിലെ തിരുപ്പിറവിയുടെ തിരുക്കർമ്മങ്ങൾക്കും ദിവ്യബലിയർപ്പണത്തിനും മുഖ്യകാർമ്മികനായിരുന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ക്രിസ്തുമസ് ദിനത്തിൽ തൃശ്ശൂർ ബസിലിക്കാ ദൈവാലയത്തിൽ പിറവിയുടെ തിരുകർമ്മങ്ങൾക്കും വി. കുർബാനയ്ക്കും മുഖ്യകാർമ്മികനായി.

26. ഉച്ചകഴിഞ്ഞ് പുല്ലഴി ദൈവാലയത്തിൽ വച്ച് ഡീക്കൻ ക്ലിൻസൺ കട്ടിപ്പറമ്പൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കൈവയ്പു ശുശ്രൂഷ വഴി പൗരോഹിത്യപ്പട്ടം സ്വീകരിച്ചു. ബൊൻ നത്താലെ 2024നോട് ബന്ധപ്പെടുത്തി തൃശ്ശൂർ ശക്തൻ നഗറിൽ ആരംഭിച്ച ഹാർഫെസ്റ്റ് 2024ന്റെ ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പാവറട്ടി ഇടവക ദൈവാലയത്തിൽ ഡീക്കൻ ബ്രിൽവിൻ ഒലക്കേങ്കിലിന് തിരുപ്പട്ടം നൽകി. വൈകുന്നേരം ചാഴൂർ ഇടവക ദൈവാലയത്തിൽ ഡീക്കൻ ഷിജോ തറയിലിന് തിരുപ്പട്ടം നൽകി.

27. രാവിലെ കരുമത്ര ദൈവാലയത്തിൽ വച്ച് ഡീക്കൻ ക്ലിന്റ് പാണേങ്ങാടൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കൈവയ്പു ശുശ്രൂഷ വഴി പൗരോഹിത്യപ്പട്ടം സ്വീകരിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽവെച്ച് ദൈവാലയത്തിൽവെച്ച് ഡീക്കൻ ക്രിസ്റ്റോ മഞ്ഞളിയ്ക്ക് തിരുപ്പട്ടം നൽകി. ചേറൂർ ജൂബിലി ആയുർവേദ ആശുപത്രിയുടെ പത്താം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടന സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാക്കന്മാർ ബോൺ നത്താലെ സാംസ്കാരിക ഘോഷയാത്രയിൽ പങ്കെടുത്തു.

28. രാവിലെ പുറനാട്ടുകര ദൈവാലയത്തിൽ വച്ച് ഡീക്കന്മാരായ ലിൻസൺ അക്കരപ്പറമ്പിൽ, ജീസ് അക്കരപ്പട്ടിയേക്കൽ, ആൽവിൻ പട്ടിയേക്കൽ, ജാക്സൺ തെക്കേക്കര എന്നിവർ തൃശ്ശൂർ അതിരൂപതയ്ക്കു വേണ്ടി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ

കൈവയ്പുശുശ്രൂഷ വഴിയും ഡീക്കൻ ആൽബിൻ വടക്കൂട്ട് ബാലസോർ രൂപതയ്ക്കു വേണ്ടി അഭിവന്ദ്യ വർഗീസ് തട്ടംകര സി.എം.ഐ. പിതാവിന്റെ കൈവയ്പുശുശ്രൂഷ വഴിയും പൗരോഹിത്യപ്പട്ടം സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് തങ്ങാലൂർ ദൈവാലയത്തിൽ വച്ച് ഡീക്കൻ സാൽവിൻ കണ്ണനായ്ക്കൽ, ഡീക്കൻ നോബിൾ വടക്കേത്തല എസ്.ഡി.ബി. എന്നിവർ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കൈവയ്പു ശുശ്രൂഷ വഴി പൗരോഹിത്യപ്പട്ടം സ്വീകരിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഭരത ഇടവക ദൈവാലയത്തിൽവെച്ച് ഡീക്കൻ തേജസ് കുന്നപ്പിള്ളി, ഡീക്കൻ ജോസഫ് നെടുംങ്കനാൽ എം. സി. ബി. എസ്. എന്നിവർക്ക് തിരുപ്പട്ടം നൽകി. വൈകുന്നേരം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വെട്ടുക്കാട് ഇടവക ദൈവാലയത്തിൽ ഡീക്കൻ പ്രിൻസ് ചെറുതാണിയ്ക്കൽ, ഡീക്കൻ ഫ്രാങ്കോ ചെറുത്താണിയ്ക്കൽ എന്നിവർക്ക് തിരുപ്പട്ടം നൽകി.

29. ജൂബിലി വർഷം 2025ന്റെ അതിരൂപതാതല ഉദ്ഘാടനം ഉച്ചകഴിഞ്ഞ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ പിതാക്കന്മാർ ചേർന്ന് നിർവഹിച്ചു. തുടർന്ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യകാർമ്മികനായി സമൂഹബലി അർപ്പിച്ചു. ജൂബിലി വർഷത്തോടനുബന്ധിച്ച് അതിരൂപതയിലുള്ള മൂന്ന് വിശുദ്ധ കവാടങ്ങളിൽ ഒന്ന് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലും രണ്ടാമത്തേത് ഡോളേഴ്സ് ബസിലിക്കയിലും വിശ്വാസികൾക്കായി തുറന്നു കൊടുത്തു. വെണ്ടോർ ദൈവാലയത്തിന്റെ ശതാബ്ദിയാഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ചു നടന്ന LOAF കുടുംബങ്ങളുടെ സംഗമത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാക്കശ്ശേരി ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

30. രാവിലെ ആമ്പക്കാട് ദൈവാലയത്തിൽ വച്ച് ഡീക്കൻ ജോഫിൻ അക്കരപ്പട്ടിയേക്കൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കൈവയ്പു ശുശ്രൂഷ വഴി പൗരോഹിത്യപ്പട്ടം സ്വീകരിച്ചു. റോമൻ കൂരിയായിൽ സേവനത്തിനായി പോകുന്ന ബഹു. ഫാ. ഡൈജോ പൊറത്തൂരിന് അതിരൂപത കേന്ദ്രത്തിൽ വച്ച് യാത്രയയപ്പു നല്കി. ഉച്ചകഴിഞ്ഞ് കോട്ടപ്പടി ദൈവാലയത്തിൽ വച്ച് ഡീക്കൻ വിബിന്റോ ചിറയത്ത് സി.എം.ഐ. (ചാന്ദ പ്രൊവിൻസ്), ഡീക്കൻ ജെയ്സൺ ചൊവ്വല്ലൂർ സി.എം.ഐ. (കോയമ്പത്തൂർ പ്രൊവിൻസ്), ഡീക്കൻ ഷെബിൻ പനയ്ക്കൽ സി.എം.ഐ. (കോയമ്പത്തൂർ പ്രൊവിൻസ്) എന്നിവർ അഭിവന്ദ്യ മാർ ആൻ

ഡ്രൂസ് താഴത്ത് പിതാവിന്റെ കൈവയ്പു ശുശ്രൂഷ വഴി പൗരോഹിത്യപ്പട്ടം സ്വീകരിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പേരകം ഇടവക ദൈവാലയത്തിൽവെച്ച് ഡീക്കൻ ജീസ്മോൻ ചെമ്മണ്ണൂരിന് തിരുപ്പട്ടം നൽകി.

31. ഉച്ചകഴിഞ്ഞ് പെരിങ്ങോട്ടുകര ദൈവാലയത്തിൽ വച്ച് ഡീക്കൻ അജിൽ മാങ്ങൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കൈവയ്പു ശുശ്രൂഷ വഴി പൗരോഹിത്യപ്പട്ടം സ്വീകരിച്ചു. ജൂബിലി വർഷത്തോടനുബന്ധിച്ച് അതിരൂപതയിലുള്ള മൂന്ന് വിശുദ്ധ കവാടങ്ങളിൽ മൂന്നാമത്തേത് പാലയൂർ മാർ തോമ മേജർ ആർച്ച് എപ്പിസ്കോപ്പൽ ദൈവാലയത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ആശീർവദിച്ച് വിശ്വാസികൾക്കായി തുറന്നു കൊടുത്തു. തുടർന്ന്, തീർത്ഥകേന്ദ്രത്തിലെ വർഷാവസാനവർഷാരംഭ തിരുക്കർമ്മങ്ങൾക്കും ദിവ്യബലിയർപ്പണത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു.

ശതാധിപന്റെ ഭൃത്യൻ

**അപ്പോൾ ശതാധിപൻ പ്രതിവചിച്ചു: കർത്താവേ, നീ എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല. നീ ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി, എന്റെ ഭൃത്യൻ സുഖപ്പെടും.**

**(മത്താ 8: 8)**

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



11.1.2024-ൽ ജനുവരി മാസത്തെ രണ്ടാം ശനിയാചരണം ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. ചൊവ്വന്നൂരുള്ള എട്ടംപുറം വടക്കൻ ഫാമിലിയാണ് ഈ മാസത്തെ തിരുകർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്. സി.എം.ഐ സന്യാസ സമൂഹാംഗവും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് പ്രൊഫസറുമായ ബഹു. ജോസ് കേളാംപറമ്പിൽ അച്ചനാണ് തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചത്. നടവരമ്പിലുള്ള ചാരിറ്റി സഹോദരിമാരാണ് ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നല്കിയത്. നടവരമ്പ് സെന്റ് മേരീസ് അസംപ്ഷൻ ഇടവകയിൽനിന്നുള്ള ധാരാളം വിശ്വാസികളും ഓർമ്മയാചരണത്തിൽ സന്നിഹിതരായിരുന്നു. ബഹു. ജോസച്ചന്റെ സന്ദേശത്തിലെ പ്രസക്തഭാഗങ്ങൾ:


ഒരു ദേശത്തിന്റെ മുഴുവൻ, ഒരു രൂപതയുടെ മുഴുവൻ മനസ്സുകളിൽ കുടിയേറി പാർത്ത ഒരു മനുഷ്യന്റെ സ്മരണകൾക്കു മുമ്പിലാണ് നാം ഇപ്പോളായി

രിക്കുന്നത്. എന്തുകൊണ്ടാണ് ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായി തീർന്ന തിന്റെ രഹസ്യമെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രത്തിലൂടെ കടന്നുപോയപ്പോൾ ലഭിച്ച ഒരു ഉത്തരം ഇതായിരുന്നു: ''അദ്ദേഹം വിശ്വാസം ഉള്ളവനായിരുന്നു''. അതുകൊണ്ടാണ് സുവിശേഷത്തിൽ ഇപ്രകാരം പറഞ്ഞുവെച്ചിരിക്കുന്നത്:''വിശ്വസിക്കുന്നവന്റെ ഹൃദയ ത്തിൽനിന്നും ജീവജലത്തിന്റെ അരുവികൾ ഒഴുകും''. ദൈവത്തി ലുള്ള ആഴമായ വിശ്വാസം ഊക്കനച്ചന്റെ ഉള്ളിലുണ്ടായിരുന്നതു കൊണ്ട് ആ ചങ്കിൽനിന്നും ജീവജലത്തിന്റെ അരുവികൾ ഒഴുകി. അത് ഒരു ദേശത്തിന്റെ എല്ലാ കുടുംബങ്ങളിലേക്കും പാവപ്പെട്ടവ രിലേക്കും പണക്കാരിലേക്കും ഒരുപോലെ വ്യാപിച്ചു. തന്റെ മുമ്പിൽ വന്നവരെയൊക്കെ യേശുവിനെപ്പോലെ സ്നേഹിക്കാൻ അങ്ങനെ ഈ അപ്പന് പററി. അതുതന്നെയാണ് അദ്ദേഹത്തിന്റെ ജീവിതമ ഹിമ. ചെറുപ്പത്തിലെത്തന്നെ ഒറ്റപ്പെട്ടവന്റെ വേദന അനുഭവിച്ചതു കൊണ്ടാണ് ഇങ്ങനെ ഒരു ജീവിതശൈലി വളർത്തുവാൻ അദ്ദേഹ ത്തിനു സാധിച്ചത്. ഊക്കനച്ചൻ ഇങ്ങനെ എഴുതുന്നു: ''എന്റെ ജീവിതത്തിന്റെ കഷ്ടാനുഭവങ്ങൾ വിശ്വാസത്തിന്റെ കണ്ണു കൾകൊണ്ട് കാണുവാൻ ഞാൻ ശ്രമിക്കും''. തന്റെ സങ്കടങ്ങളുടെ വേദന അറിഞ്ഞതുകൊണ്ട് അത്തരം സങ്കടങ്ങളുള്ളവരുടെ മനസ്സു കളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ അദ്ദേഹത്തിന് എളുപ്പമായി.

തന്റെ ജീവിതവഴിത്താരകളിൽ കണ്ണിൽകണ്ടവരെയെല്ലാം പിടിച്ചുനിർത്തി സ്നേഹിച്ച് തോല്പിച്ചു കളഞ്ഞ ഈ പുണ്യപിതാ വിന്റെ സ്മരണയിലായിരിക്കുമ്പോൾ നമ്മുടെ ജീവിതംകൊണ്ടും നമുക്ക് മുന്നിൽ വരുന്നവരെ സ്നേഹിച്ച് തോല്പിച്ചുകളയുവാൻ സാധിക്കുന്നുണ്ടോ എന്ന് ചിന്തിക്കണം. വേദന നിറഞ്ഞ പുറപ്പാടി ന്റെ പേരാണ് സ്നേഹം. എവിടെ സ്നേഹമുണ്ടോ അവിടെ വേദന യുണ്ട്. എനിക്ക് സ്നേഹമുണ്ട് എന്നു പറയുമ്പോൾ വേദന ഏറ്റെ ടുക്കുവാനുള്ള എന്റെ സന്നദ്ധതയണ് ഞാനറിയിക്കുന്നത്. ഇങ്ങനെ മനുഷ്യരെ സ്നേഹിച്ചും സഹായിച്ചും ഒരു ദേശത്തിന്റെ ഹൃദയത്തു ടിപ്പും സൂക്ഷിപ്പുമായിരുന്ന ഊക്കനച്ചനെപ്പോലെ ആയിരിക്കുന്നി ടത്ത് ഒരനുഗ്രഹമായിരിക്കാൻ നമുക്കും സാധിക്കണം. അങ്ങനെ എന്നിൽനിന്നും നിന്നിലേക്കുള്ള ദൂരമാണ് എന്റെ ദൈവത്തിലേക്കു ള്ള ദൂരമെന്ന് തിരിച്ചറിയാൻ പരിശ്രമിക്കണം. അതിന് സ്നേഹിക്കു കയാണ് നിങ്ങളുടെ ജോലി. സ്നേഹത്തിൽ നിങ്ങളെ ആരും പിന്നി ലാക്കാതിരിക്കട്ടെ.

ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ നാമകരണ പരിപാടിയുടെ വൈസ് പോസ്റ്റുലേറ്റർ റവ. ഡോ. സി. വർഷ സി. എസ്.സി. എല്ലാവർക്കും നന്ദി പറയുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



**വിശുദ്ധ കുർബാനയെപ്പറ്റിയുള്ള വിചിന്തനത്തിന്റെ മൂന്നാം ഭാഗം വിശുദ്ധ കുർബാനസ്വീകരണമാണ് (രംഗം 3).**

വിശുദ്ധ കുർബാനയുടെ അർത്ഥവും ഫലവും പൂർത്തിയാകുന്നത് ദിവ്യകാരുണ്യസ്വീകരണത്തിലാണ്. കാർമ്മികൻ തന്നെയെങ്കിലും താൻ അർപ്പിച്ച ക്രിസ്തുവിന്റെ ശരീരവും രക്തവും ഉൾക്കൊള്ളണം. വിശുദ്ധ കുർബാനയിൽ സന്നിഹിതരായവരെല്ലാം അദ്ദേഹത്തിന്റെ മാതൃക സ്വീകരിക്കുന്നത് ഉചിതമാണ് ദിവ്യകാരുണ്യസ്വീകരണം ക്രിസ്തുവിന്റെ ഐക്യം മാത്രമല്ല സൂചിപ്പിക്കുക. അത് ബലിയുടെ വിരുന്നാണ്. ദൈവത്തിന് സമർപ്പിക്കപ്പെട്ട ബലിവസ്തുവിനെ ഭാഗിക്കലാണ്. ആകയാൽ കുർബാനയുടെതുടർച്ചയും പരി സമാപ്തിയുമാണ്. ദിവ്യകാരുണ്യത്തിൽ നിന്നാണ് കുർബാനക്ക് മുഴുവൻ അർത്ഥവും കിട്ടുക.

വിശുദ്ധ ബലിയിൽ ക്രിസ്തുവിനെ നാം സമർപ്പിച്ചു. ക്രിസ്തുവിലൂടെ നമ്മെയും. നമ്മുടെ ഹൃദയത്തിൽ നിന്നാരംഭിക്കുന്ന ഒരു പ്രവൃത്തിയാണത് (രംഗം 1). ക്രിസ്തുവിലൂടെ അത് സ്വർഗത്തിൽ എത്തുന്നു (രംഗം 2). നമ്മുടെ പ്രവൃത്തികൾക്ക് ദൈവത്തിന്റെ ഉത്തരമാണ് ദിവ്യകാരുണ്യം. ക്രിസ്തുവിലൂടെ നമ്മുടെ അർപ്പണം അവിടുന്ന് സ്വീകരിച്ചുകൊണ്ട് ഈ സമയം അവിടുന്ന് ക്രിസ്തുവിലൂടെ സ്വയം വെളിപ്പെടുത്തുന്നു. നമ്മുടെ സ്നേഹവും സമർപ്പണവും സംവഹിച്ച് നാം ദൈവത്തിന് സമർപ്പിച്ച ബലി വസ്തുവിനെ ദൈവത്തിന്റെ സൗഹൃദവും നമ്മോടുള്ള സ്നേഹവും സംവഹിച്ചുകൊണ്ട് ദൈവത്തിൽ നിന്ന് നമുക്ക് തിരിച്ചു ലഭിക്കുന്നു. ബലിയിൽ, ക്രിസ്തുവിലൂടെ നാം ദൈവവുമായുള്ള ഐക്യത്തിനായി ആഗ്രഹിക്കുന്നു. ദിവ്യകാരുണ്യത്തിൽ ദൈവം ക്രിസ്തുവിലൂടെ നമ്മോട് ഐക്യപ്പെടും.

തുടർന്നുള്ള 'ഭാഗത്തിൽ' ക്രിസ്തുവിലൂടെ ദൈവവുമായുള്ള ഐക്യം' എന്ന വിചിന്തനമാണ് നാം കാണുക. മനുഷ്യന്റെ പരമമായ അന്ത്യം സ്വർഗത്തിൽ ദൈവവുമായുള്ള ഐക്യമാണെന്ന് നാം എപ്പോഴും ഓർക്കണം. സ്വന്തമാക്കി അനുഭവിക്കേണ്ട ഒരു വസ്തുപോലെ അവിടുന്ന് ഇതാ തന്റെ സൃഷ്ടികൾക്ക് ഈ ഐക്യത്തിലൂടെ സ്വയം വിട്ടുകൊടുക്കുന്നു. ഇത് അവിടുത്തെ വെറും ഒരു പ്രവൃത്തിയല്ല. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ അവിടുന്ന് തന്നെത്തന്നെ നല്കുന്നു. അവിടുത്തെ സ്വന്തമാക്കുമ്പോൾ അവിടുത്തെ ജീവനിലും അറിവിലും സ്നേഹത്തിലും അവർണ്ണനീയമായ സന്തോഷത്തിലും പങ്കുകൊള്ളാൻ നമുക്ക് സാധിക്കുന്നു. 'കർത്താവിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക' - ഈ ജീവിതത്തിൽ, വിശുദ്ധീകര വരപ്രസാദത്തിൽ നിത്യജീവന്റെ വിത്ത് നമുക്കു ലഭിക്കുന്നു. ഇത് സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനമാണ്.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




ഫാ. തോമസ് ചക്കുംപീടിക 01
ഫാ. ആന്റണി കുരുതുകുളങ്ങര 02
ഫാ. ജോൺസൻ പുലിക്കോട്ടിൽ 02
ഫാ. തോമസ് ഊക്കൻ 02
ഫാ. തോമസ് വടക്കൂട്ട് 03
ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ 03
ഫാ. ജോൺസൻ ആച്ചി 07
ഫാ. സിജു പുളിക്കൻ 09
ഫാ. നോബിൾ പെട്ടയിൽ 10
ഫാ. ഫ്രാൻസിസ് മുട്ടത്ത് 11
ഫാ. അജിൽ മാങ്ങൻ 11
ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ 12
ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ 12
ഫാ. ജോവി കുറുകുളങ്ങര 13
ഫാ. സാജൻ വടക്കൻ 13
ഫാ. ജോർജ്ജ് വടക്കേത്തല 13
ഫാ. പോൾ ആലപ്പാട്ട് 14
ഫാ. സിറിയക് ചാലിശ്ശേരി 14
ഫാ. ഗോഡ്‌വിൻ കിഴക്കൂടൻ 14
ഫാ. ഡേവിസ് പുലിക്കോട്ടിൽ Sr. 15
ഫാ. പോൾ അറക്കൽ 16
ഫാ. സജീവ് ഇമ്മട്ടി 17
ഫാ. അജിത്ത് കൊള്ളന്നൂർ 19
ഫാ. വർഗ്ഗീസ് കൂത്തൂർ 19
ഫാ. ജേക്കബ് തച്ചറാട്ടിൽ 19
ഫാ. ബാസ്റ്റിൻ ആലപ്പാട്ട് 21
ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ 21
ഫാ. നിക്കോളസ് പൊറത്തൂർ 21
ഫാ. ജോയ് പുത്തൂർ 22
ഫാ. ജോസ് കോനിക്കര Jr. 25
ഫാ. സിജോ മുരിങ്ങാത്തേരി 25
ഫാ. അനു ചാലിൽ 27
ഫാ. ജോജോ എടത്തിരുത്തി 28




ഫാ. ജോവി കുണ്ടുകുളങ്ങര 02

## ചരമദിനങ്ങൾ

# DEATH DAY

| | |
|---|---|
| ഫാ. അക്കര ആന്റണി Jr. | 07.02.1971 |
| ഫാ. അക്കര ജോർജ്ജ് | 21.02.1959 |
| ഫാ. അക്കരപ്പറ്റി ജോൺ | 16.02.1999 |
| ഫാ. ചക്കാലമറ്റം ആന്റണി | 18.02.1928 |
| ഫാ. ചെറയത്ത് ജോൺ | 17.02.1982 |
| ഫാ. ചെറയത്ത് ആന്റണി | 19.02.2015 |
| ഫാ. ചിറമ്മൽ മാത്യു | 02.02.1913 |
| ഫാ. എളങ്കുന്നപ്പുഴ ജോർജ്ജ് | 22.02.1976 |
| ഫാ. എളങ്കുന്നപ്പുഴ ജോസഫ് | 12.02.1992 |
| ഫാ. കൈയാലകം ജോസഫ് | 03.02.1951 |
| ഫാ. കള്ളിയത്ത് ജോസഫ് | 02.02.1983 |
| ഫാ. കന്നുംകോടത്ത് ആന്റണി | 12.02.1958 |
| ഫാ. കരിപ്പേരി ഫ്രാൻസിസ് | 25.02.2021 |
| ഫാ. കോട്ടക്കൽ പൗലോസ് | 20.02.1892 |
| ഫാ. മാളിയേക്കൽ ജോസഫ് | 06.02.1950 |
| ഫാ. മഞ്ഞളി ജോർജ്ജ് | 06.02.2014 |
| ഫാ. മേച്ചേരി പോൾ | 12.02.2011 |
| ഫാ. പുളിക്കൻ ജോസഫ് | 15.02.2021 |
| ഫാ. പുല്ലോക്കാരൻ ആന്റണി | 08.02.1972 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് Jr. | 23.02.1952 |
| ഫാ. വേഴപറമ്പിൽ ജോസ് | 28.02.2006 |

"

യേശുവിന്റെ
ജ്ഞാനസ്നാനം
**സ്വർഗത്തിൽ നിന്ന്**
**ഒരു സ്വരമുണ്ടായി:**
**നീ എന്റെ പ്രിയപുത്രൻ,**
**നിന്നിൽ ഞാൻ**
**പ്രസാദിച്ചിരിക്കുന്നു.**
**(മർക്കോ 1: 11)**

"

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**പൊതു സമ്മേളന റിപ്പോർട്ട്**

11/01/2025 ന് DBCLC യിൽ വെച്ച് മൗണ്ട് കാൽവരി സിസ്റ്റേഴ്സിന്റെ (SMC) നേതൃത്വത്തിൽ പ്രാർത്ഥനയോടെ 9.30ന് യോഗം ആരംഭിച്ചു. പ്രസിഡന്റ് സി. സോഫി പെരേപ്പാടൻ ഏവർക്കും സ്വാഗതമാംശംസിച്ചു. തുടർന്ന് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രൊവിൻഷ്യൽസിനെയും അനുമോദിച്ചു. SABS, FCC, CMC, CSM, CSS എന്നീ കോൺഗ്രിഗേഷനിലെ പ്രൊവിൻഷ്യാളന്മാരെ പ്രത്യേകം ക്ഷണിച്ചിരുന്നു. 10 മണിക്കു തന്നെ ഫാ. അലക്സ് മരോട്ടിക്കലിന്റെ ക്ലാസ് ആരംഭിച്ചു.'സമർപ്പിതർ പ്രത്യാശയുടെ തീർത്ഥാടകർ'എന്നതായിരുന്നു വിഷയം. അച്ചന്റെ ക്ലാസിനു ശേഷം സെക്രട്ടറി സി. ലെറ്റീസിയ കഴിഞ്ഞ മൂന്നു വർഷത്തെ സംക്ഷിപ്ത റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ സി. കാതറിൻ CHF കണക്ക് അവതരിപ്പിച്ചു. പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പാണ് തുടർന്ന് നടന്നത്. പ്രസിഡന്റ് സി. സോഫി പെരേപ്പാടൻ SABS തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി. അടുത്ത മൂന്നു വർഷം തൃശൂർ CRI Unit നെ നയിക്കാൻ പുതിയതായി തിരഞ്ഞെടുക്കപ്പെട്ടവർ.

President - Fr. Sijo Pynadath OFM.Cap

Vice President - Sr. Martina FSSE

Secretary - Sr. Jolly Chittilappilly FCC

Treasurer - Sr. Nirmala CSS എന്നിവരും

Executive Members:-

Br. Edwin MMB, Fr. Thomas SDB, Sr. Roshni CMC, Sr. Molfy CSC, Sr. Silvy SNDS, Sr. Helan Rose CHF, Sr. Merin Anto CSM, Sr. Kochuthresia SLMI.

എന്നിവരെയും തിരഞ്ഞെടുത്തു. വൈസ് ചാൻസ്‌ലർ ഫാ. ഷിജോ ചിരിയങ്കണ്ടത്താണ് ആശംസകൾ നേരാനും അനുമോദനങ്ങൾ നേരാനും എത്തിയത്. ഫാ. ഷിജോ ചിരിയങ്കണ്ടത്തും പഴയ ഭാരവാഹികളും ചേർന്ന് ഏവരെയും പൂക്കൾ നൽകി സ്വീകരിച്ച് മംഗളങ്ങൾ നേർന്നു. പുതിയ പ്രസിഡന്റ് Fr. Sijo Pynadath എല്ലാവരിലും വിശ്വാസവും പ്രത്യാശയും അർപ്പിച്ചുകൊണ്ട് സംസാരിച്ചു. Fr. Abhilash SDV എല്ലാവർക്കും നന്ദി പറഞ്ഞു. 12.30 ന്റെ ഉച്ചഭക്ഷണത്തോടെ യോഗം സമാപിച്ചു.

**എസ്. എ. ബി. എസ്.**

2024 ഡിസംബർ 10 – 15 വരെ നടക്കുന്ന പ്രൊവിൻഷ്യൽ സിനാക്സിസിൽ പങ്കെടുക്കുന്ന എല്ലാവരും ഡിസംബർ ഒന്നാം തീയതി ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ ഒരുമിച്ചുകൂടി പ്രാർത്ഥനയിൽ ചെലവഴിച്ചു. ഡിസംബർ 5–ാം തീയതി വ്രതവാഗ്ദാനത്തിനൊരുക്കമായി പ്രോവിൻസിലെ എല്ലാ സിസ്റ്റേഴ്സും പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിച്ച ശേഷം ഡിസംബർ 7–ാം തീയതി വിശുദ്ധ ബലി മധ്യേ ആരാധനാസമൂഹമൊന്നാകെ വ്രതനവീകരണം നടത്തി. 2024 ഡിസംബർ 10 – 15 വരെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന പ്രൊവിൻഷ്യൽ സിനാക്സിസിൽ 28 പേർ പങ്കെടുത്തു. ഡിസംബർ 14 ന് നടന്ന തെരഞ്ഞെടുപ്പിൽ രൂപംകൊണ്ട പ്രൊവിൻഷ്യൽ ടീം അംഗങ്ങൾ: പ്രൊവിൻഷ്യൽ സുപ്പീരിയർ: മദർ മേഴ്സിറ്റ കണ്ണമ്പുഴ, വികർ പ്രൊവിൻഷ്യൽ: സി. ലിൻസ മരിയ പാറേക്കാടൻ, കൗൺസിലേഴ്സ്: സി. ടെസ്മി തെക്കിനിയത്ത്, സി. എലൈസ് തച്ചിൽ, സി. ക്ലരീസ മണവാളൻ, പ്രൊവിൻഷ്യൽ ഫൈനാൻസ് ഓഫീസർ: സി. ഫിജി തെരേസ് പുല്ലോക്കാരൻ, പ്രൊവിൻഷ്യൽ സെക്രട്ടറി: സി. ജോസഫൈൻ പാലത്തിങ്കൽ. ഡിസംബർ 28 ന് ആരാധനാ സന്യാസിനീ സമൂഹത്തിലെ 21 പ്രോവിൻസുകളിൽ നിന്നും 2 പേർ വീതമുള്ളപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ

മരിയൻ ക്വിസ്സിൽ തൃശൂർ പ്രോവിൻസിൽ നിന്നുള്ള സി. ആൻസി കോളാട്ടുകുടി, സി. കാതറിൻ അറങ്ങാശ്ശേരി എന്നിവർ ഒന്നാം സ്ഥാനത്തെത്തി സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നേടി.

**എഫ്. സി. സി.**

ഡിസംബർ 5,6 തീയതികളിൽ വേളാങ്കണ്ണിയിൽ വെച്ച് നടന്ന General Assembly of AFFI യിൽ പ്രൊവിൻഷ്യൽ കൗൺസിലർ ബ. സി. ഉഷസ് ആളൂർ സംബന്ധിച്ചു. സഭാസ്ഥാപനദിനമായ ഡിസംബർ 14–ാം തീയതി Pre Postulancy Phase II – ലെ 6 അർത്ഥിനികൾ മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെൻറിൽ വച്ച് പോസ്റ്റുലൻസിയിലേയ്ക്ക് പ്രവേശിച്ചു. കർത്താവിന്റെ ജനനത്തിന്റെ 2025–ാം വർഷം കുടുംബവർഷമായി ആചരിക്കണമെന്ന എഫ്.സി.സി. സന്യാസസമൂഹത്തിന്റെ ആഹ്വാനം ശിരസ്സാവഹിച്ച്, കുടുംബവർഷം – 2025 നുള്ള കർമ്മപരിപാടികൾക്ക് തുടക്കം കുറിക്കാൻ 2024 ഡിസം 15–ാം തിയതി തൃശ്ശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ ചേർന്ന, ലോക്കൽ സുപ്പീരിയേഴ്സ്, പ്ലീനറി കൗൺസിൽ അംഗങ്ങൾ, കൺസൾട്ടൻസ്, എന്നിവരുടെ യോഗത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ഫോൺസി മരിയ Familly Unity & Spiritual Harmony എന്ന ആദർശവാക്യത്തിലൂന്നിയ കുടുംബവർഷത്തിന്റെ ലോഗോ പ്രകാശനം ചെയ്ത് കുടുംബവർഷത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സമൂഹത്തെ ബോധവത്കരിച്ചു. ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ഫോൺസി മരിയ, മുൻ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്, കുടുംബപ്രേഷിതത്വത്തിന്റെ കൗൺസിലർ, കൂടുതൽ മക്കളുള്ള കുടുംബങ്ങളുടെ കൂട്ടായ്മയായ CCS Scheme ലെ ക്ഷണിക്കപ്പെട്ട കുടുംബാംഗങ്ങൾ എന്നിവരോടു ചേർന്ന് തിരിതെളിച്ച് കുടുംബവർഷം – 2025 ഉദ്ഘാടനം ചെയ്തു.

ഡിസംബർ 26–ാം തീയതി ദൈവവിളി – പ്രാർത്ഥനാവർഷത്തിന്റെ സമാപനം ഏകദിന പരിപാടിയോടെ പ്രോവിൻസ് തലത്തിൽ നടത്തപ്പെട്ടു. ഡിസംബർ 29–ാം തീയതി റവ. ഫാ. അലക്സ് മരോട്ടിക്കലിന്റെ നേതൃത്വത്തിൽ കുടുംബവർഷത്തോടനുബന്ധിച്ച് നടന്ന Online Class ൽ എല്ലാ ഭവനങ്ങളിലെയും സിസ്റ്റേഴ്സ് സംബന്ധിച്ചു.

**സി.എസ്.എം**

ലൂർദ് നാഥാ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് അഞ്ചാം പ്രൊവിൻഷ്യൽ സിനാക്സിസ് 2024 ഡിസംബർ 5 മുതൽ 8 വരെ നടന്നു. സി. റോസിൻ ജോസ് CSM പ്രൊവിൻഷ്യൽ സുപ്പീരിയർ ആയും, സി. മെറിൻ ആന്റോ വൈസ് പ്രൊവിൻഷ്യൽ ആയും, സി. മോളി

ജോൺ സാമൂഹ്യപ്രവർത്തനത്തിന്റെ കൗൺസിലർ ആയും. സി. ഗിഫ്റ്റി വിദ്യാഭ്യാസ പ്രേഷിതത്വം, സി. ലിജി മരിയ ധനകാര്യം, സി. ഉഷസ് പ്രൊവിൻഷ്യൽ ഓഡിറ്റർ ആയും തിരഞ്ഞെടുക്കപ്പെട്ടു. ക്രിസ്തീയ വിശ്വാസ ജീവിത വെല്ലുവിളികളെ നേരിടുന്നതിന് കാവൽ നിൽക്കുന്ന നവസാക്ഷികളാകുക എന്ന വിഷയത്തെ ആസ്പദമാക്കി മണ്ണംപേട്ട ഇടവകയിലെ യുവജനങ്ങൾക്കുവേണ്ടി ''Carlos Meet 2k25'' കൃപാഭവൻ മണ്ണംപേട്ട ജനറലേറ്റിൽ വച്ച് 2025 ജനുവരി 2 വ്യാഴാഴ്ച ഏകദിന സെമിനാർ സംഘടിപ്പിച്ചു.

**സി എച്ച് എഫ്**

7/12/24 ൽ മാന്നാത്ത് വെച്ച് നടന്ന ECCLESIA 2024 സഭാ ചരിത്ര ക്വിസ് മത്സരത്തിൽ സി എച്ച് എഫ് നവജ്യോതി പ്രോവിൻസിൽ നിന്നും സി. ജിസ ജോസ് കോട്ടക്കൽ, സി. ആൻ മേരി ജീസ് എന്നിവർ പങ്കെടുത്തു. 13/12/24 ൽ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോഴ്സ് നടത്തുകയും റവ.ഫാ. ഡേവിഡ് വിതയത്തിൽ കപ്പുച്ചിൻ, ഡോ. സി. ഷെറിൻ മരിയ സി എച്ച് എഫ് എന്നിവർ ക്ലാസുകൾ നൽകുകയും ചെയ്തു. 15/12/24 ൽ ഹോളി ഫാമിലി ലേ അസോസിയേഷന്റെ മീറ്റിംഗ് സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ഫാ. വിൻസന്റ് കുണ്ടുകുളം മുഖ്യപ്രഭാഷണം നടത്തുകയും തൃശ്ശൂർ നെസ്റ്റിന്റെ ഡയറക്ടർ റവ.ഫാ. ടിജോ മുള്ളക്കര ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. തദവസരത്തിൽ ഹോളി ഫാമിലി ലെ അസോസിയേഷനിലെ എല്ലാവരും അവരുടെ വ്രത വാഗ്ദാനം നടത്തുകയും ക്രിസ്തുമസ് ആഘോഷിക്കുകയും ചെയ്തു. 22/12/24 ൽ ക്രിസ്തുമസിന് ഒരുക്കമായി ഭിക്ഷാടകരെ സി എച്ച് എസ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ കൊണ്ടുവന്ന് പുതിയ വസ്ത്രങ്ങൾ നൽകുകയും തൃശ്ശൂർ നെസ്റ്റിന്റെ ഡയറക്ടർ റവ.ഫാ. ടിജോ മുള്ളക്കര കുമ്പസാരിപ്പിക്കയും എല്ലാവരുമൊന്നിച്ച് ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കയും ഭക്ഷണം കഴിക്കുകയും ക്രിസ്തുമസ് ആഘോഷിക്കുകയും ചെയ്തു. തൃശൂർ സി ആർ ഐ യുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സിനായി നടത്തിയ കരോൾ ഗാന മത്സരത്തിൽ സി എച്ച് എഫ് നവജ്യോതി പ്രോവിൻസ് മൂന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. 29/12/24 ൽ സി എച്ച് എഫ് നവജ്യോതി പ്രോവിൻസിൽ തിരുകുടുംബതിരുനാളിന് തൃശ്ശൂർ അതിരൂപത ചാൻസലർ റവ. ഫാ. ഡൊമിനിക് തലക്കോടൻ ദിവ്യ പ്രാർത്ഥിക്കു

കയും സിസ്റ്റേഴ്സ് എല്ലാവരും വ്രതനവീകരണം നടത്തു കയും ചെയ്തു.

**സി. എം. സി.**

കോലഴി നിർമല പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഡിസം. 11 മുതൽ 14 വരെ നടന്ന 22-ാമത് പ്രൊവിൻഷ്യൽ സിനാക്സിസിൽ സി. സാലി പോൾ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി തിരഞ്ഞെ ടുക്കപ്പെട്ടു. സി. ഷീല വികർ പ്രൊവിൻഷ്യൽ (നവീകരണം), സി. പ്രസന്ന (വിദ്യാഭ്യാസം), സി. മേഴ്സി പോൾ (വിശ്വാസരൂപീകര ണം), സി. മാർഗ്ഗരറ്റ് മേരി (സാമൂഹ്യസേവനം), സി. സ്റ്റെഫി (ആതുര ശുശ്രൂഷ) എന്നിവർ കൗൺസിലേഴ്സായും സി. ജോയൽ പ്രൊവി ൻഷ്യൽ ഓഡിറ്റർ, സി. മേരി ആൻ പ്രൊവിൻഷ്യൽ സെക്രട്ടറി, സി. പ്രെയ്സ് ഫിനാൻസ് സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. ഡിസം. 26 മുതൽ 28 വരെ നടത്തിയ ജൂനിയേഴ്സ് കോഴ്സിൽ 30 സിസ്റ്റേ ഴ്സ് സംബന്ധിച്ചു. റവ. ഫാ. അലക്സ് മരോട്ടിക്കൽ, റവ. ഫാ. സിജോ മുരിങ്ങാത്തേരി എന്നിവർ ക്ളാസുകൾക്ക് നേതൃത്വം നൽകി.

**സി. എസ്. എസ്.**

ഇമ്മാക്കുലേറ്റ് കൺസപ്ഷൻ നൊവീഷ്യേറ്റ് ഹൗസിന്റെ തിരു ന്നാളിനോടനുബന്ധിച്ച് ഡിസംബർ 6-ാം തിയതി 13 മണിക്കൂർ ആരാധന നടത്തി. തിരുന്നാൾ 7-ാം തിയതി സമുചിതമായി ആഘോ ഷിച്ചു. സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സി നായി ഡിസംബർ 8 മുതൽ 13 വരെ വാർഷികധ്യാനം നടത്തപ്പെട്ടു. 45 സിസ്റ്റേഴ്സ് അതിൽ പങ്കെടുക്കുകയും വാർഷികധ്യാനത്തിന് റവ. ഫാ. ജോജോ മാരിപ്പാട്ട് വി.സി. നേതൃത്വം നല്കുകയും ചെയ്തു. സമരിറ്റൻ സന്യാസിനിസമൂഹത്തിന്റെ സ്ഥാപകപിതാവ് മോൺ. പോൾ ചിറ്റിലപ്പിള്ളിയുടെ 85-ാം മത് പൗരോഹിത്യ ദിന ത്തോടനുബന്ധിച്ച് സ്ഥാപകപിതാവിന്റെ വസതിയിൽ അനുസ്മര ണയോഗവും വിവിധ പരിപാടികളും നടത്തുകയും ചെയ്തു. സി. എസ്. എസ് ന്റെ ഇൻഫന്റ് ജിസസ് കോൺവന്റിൽ വച്ച ഡിസംബർ 27-ാം തിയതി റവ. ഫാ. സിന്റോ പൊന്തേക്കന്റെ നേതൃത്വത്തിൽ പെൺകട്ടികൾക്കായി ജീവിതദർന ക്യാമ്പ് നടത്തുകയും 16 കുട്ടികൾ അതിൽ പങ്കെടുക്കുകയും ചെയ്തു.

**സി എസ് സി**

സ്ഥാപക പിതാവ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 145-ാം ജൻമദിനാചരണം 2024 ഡിസംബർ 15 -ാം തിയതി ഞായറാഴ്ച്ച

പറപ്പൂർ സെന്റ് ജോൺ നെപുംസിയാൻ ദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവിന്റെ കാർമ്മികത്വത്തിൽ ആഘോഷിച്ചു. 2024 നവംബർ 25 മുതൽ ഡിസംബർ 11 വരെ പറപ്പൂർ സെന്റ് ജോൺ നെപുംസിയാൻ ഇടവകയിൽ സി എസ് സി ജനറലേറ്റിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി. Syro Malabar Religious Conference (SMRC) ന്റെ Executive & Advisory Council meeting സി എസ് സി മരിയ ഭവൻ ജനറലേറ്റിൽ വച്ച് 2024 ഡിസംബർ 13-ാം തിയതി രാവിലെ 09.30 മുതൽ 2.00 മണി വരെ നടത്തി. തിരൂർ സെന്റ് തോമസ് ഇടവകയിലെ തിരുബാലസഖ്യം കുട്ടികളുടെ ക്രിസ്തുമസ് സെലിബ്രേഷൻ 2024 ഡിസംബർ 21ന് സി എസ് സി മരിയ ഭവൻ ജനറലേറ്റിൽ ആഘോഷിച്ചു. സ്ഥാപക പിതാവ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ പൗരോഹിത്യദിനാചരണം 2024 ഡിസംബർ 21 ന് മരിയ ഭവൻ ജനറലേറ്റിൽ വച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൻ പിതാവിന്റെ കാർമ്മികത്വത്തിൽ ആഘോഷിച്ചു. തൃശ്ശൂർ അതിരൂപതയിലെ നവ വൈദീകർക്ക് പ്രസന്റേഷൻ കോൺവെന്റ് ചൊവ്വന്നൂരിൽ വച്ച് ഉഷ്മളമായ സ്വീകരണം നൽകി. സന്യാസ സമർപ്പണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന 15 സിസ്റ്റേഴ്സ് മുല്ലക്കര ആത്മദർശൻ കോൺവെന്റിലും, രജത ജൂബിലി ആഘോഷിക്കുന്ന 20 സിസ്റ്റേഴ്സ് മരിയ ഭവൻ ജനറലേറ്റിലും ജൂബിലി കോഴ്സിൽ പ്രവേശിച്ചു. 'CSC സഹയാത്ര' സന്ദർശിച്ച സ്ഥലങ്ങൾ - ചൊവന്നൂർ, പോന്നോർ, കൊക്കാല, കണ്ണംകുളങ്ങര, പല്ലിശ്ശേരി, കൂർക്കഞ്ചേരി, പുതുശ്ശേരി. ഡിസംബർ 13, 14 തീയതികളിൽ കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന സുപ്പീരിയേഴ്സ് കോൺഫ്രൻസിൽ ബ്രദർ ആന്റണി മുക്കാട് ക്ലാസ് നയിച്ചു. ദിവ്യകാരുണ്യ ആരാധനയും ഉണ്ടായിരുന്നു. 23-12-24 ന് ഏഴാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന പെൺകുട്ടികൾക്കായി chosen എന്ന പേരിൽ ക്യാമ്പ് സംഘടിപ്പിച്ചു. ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച നവ വൈദികരുടെ സ്വീകരണം ജനുവരി 7 ന് വൈകുന്നേരം 6.30 നുള്ള വി. കുർബാനയോടുകുടി നടത്തപ്പെട്ടു.

## ആദരാഞ്ജലികൾ



05.12.2014: എഫ്. സി. സി ഗുരുവായൂർ ലിസ്യു മഠാംഗമായ സി. ലിസ്ബ 2024 ഡിസംബർ 5-ാം തീയതി വൈകീട്ട് 4.30 ന് നിര്യാതയായി. 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30 ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ പ്രാധാന കാർമ്മികത്വത്തിൽ ഗുരുവായൂർ ലിസ്യു കോൺവെന്റ് ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം പൂജ്യമായി സംസ്ക്കരിച്ചു.



11.12.2024 എഫ്.സി.സി ഗുരുവായൂർ ചെറുപുഷ്പാശ്രമം ഭവനാംഗമായ ബ. സി. പേഴ്സി ഡിസംബർ 11-ാം തീയതി വൈകീട്ട് 4 മണിക്ക് നിര്യാതയായി. ഡിസംബർ 12-ാം തീയതി രാവിലെ 11 മണിക്ക് പാലയൂർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥാടനകേന്ദ്രം റെക്റ്റർ റവ. ഫാ. ഡേവീസ് കണ്ണമ്പുഴയുടെ മുഖ്യകാർമ്മികത്വത്തിൽ ഗുരുവായൂർ ലിസ്യു കോൺവെന്റ് ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം പൂജ്യമായി സംസ്ക്കരിച്ചു.



സി. എച്ച്. എഫ് ഒളരിക്കര ഹോളി ഫാമിലി ഭവനാംഗമായ സി. ജൊവീത്ത 19.12.2024 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ സംസ്കാരകർമ്മം നടത്തപ്പെട്ടു.



15/12/24 സി.എം.സി. പുതുക്കാട് സെന്റ് ജോൺ ഓഫ് ദ ക്രോസ് മഠാംഗമായ സി. ക്ലീറസ് നിര്യാതയായി. തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കരയുടെ മുഖ്യ കാർമികത്വത്തിൽ മൃതസംസ്കാരം നടത്തി.



CSC കല്ലൂർ സെന്റ് ജോസഫ് കോൺവെന്റിലെ അംഗമായ സി. ബസ്സിലിസ്സ 03-01-2025 ന് നിര്യാതയായി. അന്നേ ദിനം ഉച്ചതിരിഞ്ഞ് നാലുമണിക്ക് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവിന്റെ മുഖ്യകാർമികത്തിൽ മൃതസംസ്കാരകർമ്മം കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.

**ഫാ. സിജോ**
**പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**ജോളി ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

പ്രിയ കുഞ്ഞുങ്ങളേ,

തിരുനാളുകളുടേയും ആഘോഷങ്ങളുടേയും ബഹളങ്ങൾ തീർന്ന് പരീക്ഷാ ചൂടിലേക്ക് നടന്നടുക്കുന്ന നിങ്ങൾക്കെല്ലാവർക്കും നല്ലൊരു പഠനകാലം ആശംസിക്കുന്നു. പ്രത്യേകിച്ച് പത്താം ക്ലാസിലേയും പ്ലസ്ടുവിലേയും കുട്ടികൾക്ക് ഇത് മോഡൽ പരീക്ഷകളുടെ കാലമായിരിക്കുമല്ലോ. ഇനി എന്ത് എന്ന് ചിന്തിച്ചു തുടങ്ങേണ്ട സമയം കൂടിയാണിത്.

ജീവിതത്തിൽ എന്തായിത്തീരണമെന്ന നിങ്ങളുടെ ചിന്തകളും സ്വപ്നങ്ങളും ദൈവത്തിന്റെ പദ്ധതിയോട് ചേർത്തുവച്ച് പരിശോധിച്ചു നോക്കേണ്ടതുണ്ട്. കാരണം, നിങ്ങളെക്കുറിച്ചുള്ള ദൈവിക പദ്ധതി നിങ്ങളുടെ ജനനത്തിനു മുമ്പേ ഉള്ളതാണ്. ജെറമിയ പ്രവാചകനോട് ദൈവം പറയുന്നുണ്ട്: ''മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിന് മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിന് മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു'' (ജെറമിയ 1: 5). വീണ്ടും ദൈവം പറയുന്നു: ''നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസിലുണ്ട്'' (ജെറമിയ 29: 11). നിങ്ങളെ കുറിച്ചുള്ള ദൈവികപദ്ധതി എന്തെന്ന് പ്രാർത്ഥനയിലൂടെ അന്വേഷിച്ചു തുടങ്ങേണ്ട സമയം കൂടിയാണിത്.

പ്രധാനമായും നാല് തരത്തിലുള്ള ജീവിതാന്തസ്സുകളാണ് ഉള്ളത്: വിവാഹജീവിതം, പൗരോഹിത്യം, സമർപ്പിതജീവിതം, ഏകസ്ഥ ജീവിതം. ഇതിൽ ഓരോ ജീവിതാന്തസ്സിനും അതതിന്റേതായ മനോഹാരിതയും, ഉത്തരവാദിത്വങ്ങളും, അനുഗ്രഹങ്ങളും ഉണ്ട്. വിവാഹ ജീവിതത്തെ സംബന്ധിച്ച് ഈശോ പറഞ്ഞു: ''കൃപ ലഭിച്ചവർ അല്ലാതെ മറ്റാരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല'' (മത്തായി 19: 11). ഈശോയുടെ ഈ വാക്കുകൾ എല്ലാ ജീവിതാന്തസ്സിനും ബാധകമാണ്. ദൈവം നിങ്ങളെ ഏത് ജീവിതാന്തസ്സിലേക്ക് വിളിക്കുന്നു എന്നതിനനുസരിച്ചാണ് ആ ജീവിതം ജീവിക്കാനുള്ള കൃപ നിങ്ങൾക്ക് ലഭിക്കുന്നത്. അതുകൊണ്ടുതന്നെ ദൈവം നിങ്ങളിൽ നിന്ന്

എന്ത് ആഗ്രഹിക്കുന്നു എന്ന് തിരിച്ചറിയേണ്ടത് വളരെ പ്രധാനമാണ്.

ദൈവത്തിനു നിങ്ങളെക്കുറിച്ചുള്ള പദ്ധതി തിരിച്ചറിയുന്നതിൽ സഹായിക്കുന്ന പ്രധാനമായ ഒരു ഘടകം നിങ്ങളുടെ ആഗ്രഹം തന്നെയാണ്. ഏതു ജീവിതാന്തസ്സിലേക്കുമുള്ള നിങ്ങളുടെ നിസ്സാരമായ ആഗ്രഹത്തെ പോലും, ഒരു ചെറിയ വിത്തിനെ എന്ന പോലെ പരിപാലിക്കേണ്ടതാണ്. ഉദാഹരണത്തിന്, വൈദികനോ കന്യാസ്ത്രീയോ ആകാനുള്ള ആഗ്രഹം നിങ്ങളിൽ ഉണ്ടെങ്കിൽ അതിനെ മറ്റുള്ളവർ കളിയാക്കിയെന്നു കരുതി ഇല്ലാതാക്കാൻ ശ്രമിക്കരുത്.

ഈശോയെ ദൈവാലയത്തിൽ കാഴ്ചവച്ച സംഭവത്തിന്റെ ഓർമ്മദിനമായ ഫെബ്രുവരി രണ്ടാം തീയതിയാണ് സമർപ്പിതരുടെ ദിവസമായി തിരുസഭയിൽ ആഘോഷിക്കുന്നത്. ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കാനുള്ള ആഗ്രഹം നിങ്ങളിൽ ഉണ്ടെങ്കിൽ അതിന് ഒരിക്കലും മടി കാണിക്കരുത്. ദൈവത്തിന് സമ്പൂർണ്ണ സമർപ്പണം നടത്തിയ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം, നിങ്ങളുടെ ദൈവവിളി കണ്ടെത്തുന്നതിൽ നിങ്ങളെ സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

വിശ്വാസപരിശീലന ക്ലാസ്സുകളിലെ വാർഷിക പരീക്ഷകൾ ഈ മാസം രണ്ടാമത്തെ ഞായറാഴ്ച മുതൽ ആരംഭിക്കുന്നു. നന്നായി ഒരുങ്ങാം. പാഠങ്ങൾ കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കാം. അവധിക്കാലം വിശ്വാസപരിശീലനം തുടരാനുള്ള അവസരമാണ്. പഠിച്ചവയൊക്കെ പ്രാവർത്തികമാക്കാനുള്ള അവസരം. ഈശോയുടെ സമർപ്പണത്തെ മാതൃകയാക്കി ദൈവവിളികളെക്കുറിച്ച് വിവേചിച്ചറിയാനും അവധിക്കാലം വിനിയോഗിക്കാം. നന്നായി ഒരുങ്ങി വിശ്വാസപരിശീലന പരീക്ഷകൾ ചെയ്യാം. എല്ലാവർക്കും നല്ല വിജയം ആശംസിക്കുന്നു.

**1. Parents' Meet സംഘടിപ്പിച്ചു**

വിശ്വാസപരിശീലന കൗൺസിൽ അംഗങ്ങൾക്കും വിശ്വാസ പരിശീലന വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കുമായി ഡിസംബർ 22 ഞായറാഴ്ച്ച ഒരുദിവസത്തെ സംഗമം നടത്തി. 250 ഓളം പേർ പങ്കെടുത്ത പരിപാടി തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത് പ്രസംഗിച്ചു. പാരന്റിംഗ് ക്ലാസ്സുകളും ചർച്ചകളും ഇതിൽ ഉൾപ്പെടുത്തിയിരുന്നു. വിശുദ്ധ കുർബാനയും ഭക്ഷണവും ഒരുക്കിയിട്ടുണ്ടായിരുന്നു.

**2. പ്രതിഭാസംഗമം വിജയി**

സീറോമലബാർ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ്. തോമസിൽ നടന്ന 12-ാം ക്ലാസ്സ് പ്രതിഭാസംഗമത്തിലേക്ക് തൃശ്ശൂർ അതിരൂപതയിൽ നിന്നും നാലു പേർ തിരഞ്ഞെടുക്കപ്പെട്ടു. ക്രിസ് വിൻ റോബർട്ട് - നടത്തറ, അഭിഷേക് പ്രകാശ് - വെള്ളാറ്റഞ്ഞൂർ, ഏയ്ഞ്ചൽ പി. ജെ-തിരൂർ, ഷാനറ്റ് ഷാജി - നോർത്ത് കാരമുക്ക്.

സീറോമലബാർ സഭയുടെ 16 രൂപതകളിൽ നിന്നായി അറുപതോളം പേർ പങ്കെടുത്ത പ്രതിഭാമത്സരത്തിൽ നമ്മുടെ അതിരൂപതയിലെ തിരൂർ ഇടവകയിൽ നിന്നുള്ള ഏയ്ഞ്ചൽ പി. ജെ. പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു. ഏയ്ഞ്ചലിന് അതിരൂപതയുടെ എല്ലാവിധ ആശംസകളും ഭാവുകങ്ങളും സ്നേഹത്തോടെ നേരുന്നു.

**3. Teachers Excellence Award**

Mr. Starlin Shinto - Puthenpeedika

**4. പ്രിൻസിപ്പൽമാരുടെ യോഗം**

തിയതി : 2025 ഫെബ്രുവരി 2

ദിവസം : ഞായർ

സമയം : 1.30 pm

സ്ഥലം : വിശ്വാസപരിശീലനകേന്ദ്രം

എല്ലാ പ്രിൻസിപ്പൽമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**5. വാർഷിക പരീക്ഷകൾ**

ഫെബ്രുവരി മാസത്തിലാണ് വാർഷികപരീക്ഷകൾ. അതിനായി കുട്ടികളെ ഒരുക്കുമല്ലൊ. പരീക്ഷകളുടെ സമയക്രമം താഴെ കൊടുക്കുന്നു. പരീക്ഷാസംബന്ധമായി എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാവുകയാണെങ്കിൽ മുൻകൂട്ടി വാട്സാപ്പിലൂടെയും ബ്ലോഗിലൂടെയും അറിയിക്കുന്നതായിരിക്കും. എല്ലാവരും സഹകരിക്കുമല്ലൊ.

2025 ഫെബ്രുവരി 9, 2 pm- 4 pm: Stds. X, XI, XII

2025 ഫെബ്രുവരി 9, 2 pm- 5 pm : ACC

2025 ഫെബ്രുവരി 16, 2 pm- 4 pm: Stds. I, III, V, VII, IX

2025 ഫെബ്രുവരി 23, 2 pm- 4 pm : Stds. II, IV, VI, VIII

**6. Std. XII & ACC ഹാജർ**

Std. XII & ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഹാജർ സോഫ്റ്റ് വെയറിൽ കൃത്യമായി ചേർക്കുന്നതിനുള്ള അവസാന തിയതി – ജനുവരി 27. ജനുവരി 27 നുള്ളിൽ രേഖപ്പെടുത്തിയ 20 ഹാജരെങ്കിലും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമെ വാർഷികപരീക്ഷ എഴുതുവാൻ സാധിക്കു. കുട്ടികളുടെ ഹാജർ കൃത്യസമയത്തുതന്നെ ചെയ്യാൻ യൂണിറ്റധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ.

**7. Std. XII & ACC വാർഷിക പരീക്ഷക്കുള്ള യോഗ്യത (Eligibility)**

അർദ്ധവാർഷിക പരീക്ഷ എഴുതുകയും, 20 ഹാജരും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമേ വാർഷിക പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത ഉണ്ടായിരിക്കുകയുള്ളു. Std. XII വിദ്യാർത്ഥികൾക്കുള്ള രജിസ്റ്റർ നമ്പറും എ സി സി വിദ്യാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റും മുകളിൽ പറഞ്ഞ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കു മാത്രമേ ലഭ്യമാക്കാവൂ. അവരെ മാത്രമേ പരീക്ഷ എഴുതിക്കാവൂ.

**8. Std. XII & ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷകളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ**

1. പരീക്ഷകളെ സംബന്ധിച്ച് വിശ്വാസപരിശീലന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.
2. ബഹു. വൈദികരുടെ മേൽനോട്ടത്തിലും പ്രിൻസിപ്പലിന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്.
3. പരീക്ഷയെ സംബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വിശ്വാസപരിശീലനമാർഗ്ഗരേഖയിലും വാർഷിക പ്രോഗ്രാമിലും നൽകിയിട്ടുള്ളത് കൃത്യമായി പാലിക്കേണ്ടതാണ്.
4. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ച്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ

ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.

5. ചോദ്യങ്ങൾക്കുതാഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള Question & Answer Book വിശ്വാസ പരിശീലനകേന്ദ്രത്തിൽനിന്ന് നൽകുന്നതാണ്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.
6. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. നിയമനവിവരം സ്വന്തം യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും പോകേണ്ട യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും നേരത്തെതന്നെ അറിയിക്കേണ്ടതാണ്.
7. വിസിറ്ററെ കൂടാതെ, പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യമായത്ര വിശ്വാസപരിശീലകരെ പ്രിൻസിപ്പൽ നിയോഗിക്കേണ്ടതാണ്.

### 9. Std. XII Re-Examination, Improvement Registration നെ സംബന്ധിച്ച വിവരങ്ങൾ

12-ാം ക്ലാസ്സിലെ വാർഷികപരീക്ഷയിൽ തോൽക്കുകയോ, Absent ആവുകയോ, ചെയ്തവർക്ക് Re-examination എഴുതാവുന്നതാണ്. 12-ാം ക്ലാസ്സിൽ ജയിക്കുകയും 40 മാർക്ക് ഇല്ലാതിരിക്കുകയും ചെയ്തവർക്ക് Improvement Examination എഴുതാവുന്നതാണ്. ഈ പരീക്ഷകൾ എഴുതുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ചെയ്യേണ്ട വിധം താഴെ കൊടുക്കുന്നു.

1. വിദ്യാർത്ഥി സോഫ്റ്റ് വെയറിൽ Inactive Mode ആയിരിക്കണം.
2. Software - Public Examination - Previous ReExam Registration- Re-examination എഴുതുന്ന വിദ്യാർത്ഥികളെ മാത്രം സെലക്ട് ചെയ്ത് രജിസ്റ്റർ ചെയ്യുക
3. Software - Public Examination - Previous Improvement Registration- Improvement എഴുതുന്ന വിദ്യാർത്ഥികളെ മാത്രം സെലക്ട് ചെയ്ത് രജിസ്റ്റർ ചെയ്യുക
4. ജനുവരി 31 -ാം തിയതി മുതൽ ഫെബ്രുവരി 3-ാം തിയതി വരെയുള്ള ദിവസങ്ങളിൽ ഈ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തിയെങ്കിൽ മാത്രമെ വിദ്യാർത്ഥികൾക്ക് രജിസ്റ്റർ നമ്പർ ലഭിക്കുകയും വാർഷികപരീക്ഷ എഴുതുവാനും സാധിക്കുകയുള്ളൂ.

**10. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയം**

താഴെ പറയുന്ന തിയ്യതികളിൽ DBCLC-യിൽ നടത്തുന്നു. സമയം (09.30 am – 04.30 pm)

Std. XII : 2025 മാർച്ച് 2 ഞായർ

ACC : 2025 മാർച്ച് 8, 9 (ശനി, ഞായർ ദിവസങ്ങൾ)

1. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Chair for Christian Studies and Research -ന്റെ തീരുമാന പ്രകാരവും മേൽനോട്ടത്തിലുമാണ്.
2. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാവരും നിർബന്ധമായും വരേണ്ടതാണ്.

**11. ഉത്തരക്കടലാസു പരിശോധന**

Stds. I മുതൽ XI വരെയുള്ള വിദ്യാർത്ഥികളുടെ ഉത്തരകടലാസു പരിശോധന ബഹുമാനപ്പെട്ട വികാരിയച്ചന്റെയും പ്രിൻസിപ്പാലിന്റെയും നേതൃത്വത്തിൽ യൂണിറ്റിൽ തന്നെ ഒരു ദിവസം എല്ലാ വിശ്വാസപരിശീലകരും ഒന്നുചേർന്ന് നടത്തുന്നത് ഉചിതമാണ്. ഇതിനാവശ്യമായ ഉത്തരസൂചിക വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ എല്ലാ പരീക്ഷകളും കഴിഞ്ഞാൽ ഉടനെ നൽകുന്നതാണ്. വിദ്യാർത്ഥികളുടെ വാർഷികപരീക്ഷാ ഉത്തരക്കടലാസുകൾ വിശ്വാസപരിശീലനകേന്ദ്രം നൽകിയിരിക്കുന്ന ഉത്തരസൂചികയുടെ അടിസ്ഥാനത്തിൽ കൃത്യതയോടും നീതിയോടും മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്

**12. Internal Assessment Mark Entry**

പരീക്ഷാ തിയതിയിലെ അറ്റൻഡൻസ് വരെ എന്റർ ചെയ്തതിനുശേഷം മാത്രമെ ഇന്റേണൽ മാർക്ക് എൻട്രി നടത്താവൂ.

XII & ACC - Last Date: March 4

Std. I to XI - Last Date: March 11

**13. വാർഷിക പുനപരീക്ഷ 1 മുതൽ 11 വരെ ക്ലാസ്സുകൾക്ക്**

മാർച്ച് 16 ഞായർ, യൂണിറ്റുകളിൽ

ഈ പരീക്ഷയുടെ ചോദ്യപേപ്പറുകൾ യൂണിറ്റുകളിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

**14. വാർഷിക പുനപരീക്ഷയുടെ മാർക്ക് എൻട്രി സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യേണ്ട അവസാന തിയതി**

മാർച്ച് 24

## II. Daily Catechism

മോറൽ സയൻസ് സ്കോളർഷിപ്പ് പരീക്ഷ

ഫെബ്രുവരി 8 ശനിയാഴ്ച്ച Std. IV, VII, X, XII (രാവിലെ 10 മുതൽ 12 വരെ ഡി ബി സി എൽ സി യിൽ വെച്ച്)

സസ്നേഹം,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**റവ. ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# എക്സൽ അക്കാദമി

**സിവിൽ സർവീസ് കോഴ്സ്**

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ 21-09-2024 ശനിയാഴ്ച മുതൽ ആരംഭിച്ചു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ആയിരിക്കും ക്ലാസുകൾ നടക്കുക. പ്ലസ് ടു , ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത് .

**K - TET ( Kerala Teachers Eligibility Test )**

K- TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

**P S C & Defence പരീക്ഷ കോഴ്സുകൾ**

ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. അഡ്മിഷൻ തുടരുന്നു.

**Excel Foundation Course**

Excel Foundation Courseന്റെ (8th std. to 12th Std.) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. എല്ലാ രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും.

**ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം**

(Coaching Centre for Minority Youth)

2025 ജനുവരി മുതൽ കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. ക്ലാസ്സുകൾ ജനുവരി 5 മുതൽ ആരംഭിച്ചു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: 9744941585/ 9895525077

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

# INSTITUTE OF THEOLOGY
**TRICHUR D B C L C**
**(Phone : 0487- 2333245, Mob : 9188131341)**

### 1. B.A. in Theology and Religious Studies (Three Years)

സെക്കന്റ് സെമസ്റ്ററിലെ Psychology of Religions (Rev. Dr. Chacko Chiramel), Theology of Inter-religious Dialogue (Rev. Dr. Vincent Kundukulam), Sacrament of Reconciliation (Rev. Dr. Denny Thanikal) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

### 2. Certificate Course in Theology (One Year)

ജനുവരി 05, 19 എന്നി ദിവസങ്ങളിൽ പത്ത്കല്പനകൾ (Rev. Dr. Alex Marottical) ദൈവവചനം വചനവ്യാഖ്യാനം (Rev. Dr. Francis Koothur) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

### 3. Advanced Certificate Course in Theology (Six Months)

സന്യാസിനികൾക്കായി 6 Months regular Theology Course, പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. സന്യസ്തർക്കു മാത്രം.

**4. Basic Bible Course (BBC)**

ഫെബ്രുവരി മാസം ക്ലാസ്സ് നയിച്ചത് – Sri. Joseph Tharakan

**5. Certificate Course on Guidance and Counselling**

Family Therapy (Rev. Dr. Joby Kadappuran) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**6. Certificate Course in Sacred Liturgy**

ജനുവരി മാസത്തിൽ The Study on the Structure and Theology of the East Syrian (Syro-Malabar) Eucharistic Litury. (Rev. Dr. Johnson Chittilapilly), Origin of the East-Syrian / Syro- Malabar Qurbana History (Rev.Dr.Demin Tharayil) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**7. Basic Theology Course (Three Months)**

സന്യാസാർത്ഥിനികൾക്കുള്ള Three Months ബേസിക് തിയോളജി കോഴ്സ് 2025 ജനുവരി 1–ന് (ബുധൻ) ആരംഭിച്ചു. SABS, CSS, SKD, SNDS എന്നീ സന്യാസിനിസമൂഹങ്ങളിലെ 20 അർത്ഥിനികൾ ആണ് ഈ കോഴ്സിൽ പങ്കെടുക്കുന്നത്.

**റവ. ഡോ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**റവ. ഡോ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

## മേരിമാതാ മേജർ സെമിനാരി

**പരീക്ഷകൾ, അവധിക്കാലം**

ഈ വർഷത്തിലെ രണ്ടാം സെമസ്റ്ററിലെ ആദ്യപാദ പരീക്ഷകൾ ഡിസംബർ 14 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ നടത്തപ്പെട്ടു.

**മാസധ്യാനം**

2024 വർഷത്തിലെ അവസാന മാസധ്യാനം ഡിസംബർ 20 ന് നടത്തപ്പെട്ടു. നെന്മണിക്കര ഇടവക വികാരിയും ധ്യാനഗുരുവുമായ ജസ്റ്റിൻ എലുവത്തിങ്കലച്ചനാണ് മാസധ്യാനത്തിന് നേതൃത്വം നൽകിയത്.

**ക്രിസ്തുമസ് ആഘോഷം**

സെമിനാരിയിലെ ക്രിസ്തുമസ് ആഘോഷങ്ങൾ ഡിസംബർ 21ന് വൈകീട്ട് നടത്തപ്പെട്ടു. അന്നേദിവസം വൈകീട്ട് 6.30 ന് നടന്ന

പ്രാർത്ഥനാശുശ്രൂഷകൾക്കു സെമിനാരി റെക്ടർ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ചാലയ്ക്കലച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു. ബഹുമാനപ്പെട്ട സിന്റോ പൊറുത്തൂരച്ചൻ ക്രിസ്തുമസ് സന്ദേശം നൽകി. വിവിധ ബാച്ചുകളുടെ നേതൃത്വത്തിൽ മനോഹരമായ കലാപരിപാടികളും അന്നേദിവസം അരങ്ങേറി. ഡിസംബർ 22-ാം തീയതി മുതൽ ക്രിസ്തുമസ് അവധി ആരംഭിച്ചു.

**തിരുപ്പട്ടങ്ങൾ**

മേരിമാതാസെമിനാരിയിൽ ഈ വർഷം പരിശീലനം പൂർത്തിയാക്കിയ 22 ഡീക്കന്മാരിൽ 17 പേരുടെ തിരുപ്പട്ടസ്വീകരണങ്ങൾ ഡിസംബർ 26 മുതൽ വിവിധ ദിവസങ്ങളിലായി നടന്നു. തിരുപ്പട്ടസ്വീകരണ ശുശ്രൂഷകളിൽ സെമിനാരികുടുംബം ഭക്തിയോടെ സംബന്ധിച്ചു.

**ദനഹാതിരുന്നാൾ**

ക്രിസ്തുമസ് അവധിക്കുശേഷം വൈദികവിദ്യാർത്ഥികൾ ജനുവരി 5ന് തിരിച്ചെത്തി. ജനുവരി 5ന് വൈകീട്ട് നടന്ന ദനഹാതിരുന്നാൾ പ്രത്യേക പ്രാർത്ഥനകൾക്കും സന്ദേശത്തിനും പിണ്ടിതെളിയിക്കലിനും ആധ്യാത്മിക പിതാവായ ബഹുമാനപ്പെട്ട മാത്യു പെരുമ്പള്ളിയച്ചൻ നേതൃത്വം നൽകി.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Patron Membership

1. ജിജു ജോർജ്, കുഴിക്കണ്ടത്തിൽ ഹൗസ്, വിയ്യൂർ.
2. കരോളിന, ജർമ്മനി C/o ഫാ. ജോൺ മുളക്കൽ ജോസഫ്

Individual Well Wisher Membership

1. ശ്രീ. ടി. കെ. ജോസഫ് & കെ.പി. ലില്ലി, തലക്കോട്ടൂർ ഹൗസ്, ചിറ്റാട്ടുകര.

**ഫാ. സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

## സെന്റ് മേരീസ് മൈനർ സെമിനാരി

**1. തേർഡ് ടേം സമാരംഭം**

2024-2025 അധ്യയന വർഷത്തിലെ അവസാന ടേമിന് പുതുവത്സര ദിനത്തിൽ ആരംഭം കുറിച്ചു. അവധിക്കാലം കഴിഞ്ഞ് പുതിയ

ഉന്മേഷത്തോടെ തിരിച്ചെത്തിയ സെമിനാരിക്കാർക്ക് ജനുവരി 2 മുതൽ ക്ലാസ്സുകൾ ആരംഭിച്ചു.

**2. ഉല്ലാസയാത്ര**

ജനുവരി 4-ാം തിയ്യതി വൈകീട്ട് സെമിനാരി കുടുംബം ഭരണങ്ങാനം, വാഗമൺ എന്നിവിടങ്ങളിലേക്ക് ഉല്ലാസയാത്ര നടത്തി.

**3. ദനഹാതിരുനാൾ ആഘോഷം**

ഈശോയുടെ പ്രത്യക്ഷീകരണത്തെ അനുസ്മരിച്ച് പ്രാർത്ഥനാപൂർവ്വം പിണ്ടി തെളിച്ച് ദനഹാതിരുനാൾ ആചരിച്ചു.

**4. നവവൈദികർക്ക് സ്വീകരണം**

ഈ വർഷം അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്ക് മാതൃഭവനമായ മൈനർ സെമിനാരിയിൽ ജനുവരി 8, 9 തിയതികളിലായി സ്വീകരണം നൽകി. ജനുവരി 8ന് വൈകീട്ട് നടന്ന അനുമോദനയോഗത്തിൽ നവാഭിഷിക്തർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും സെമിനാരിക്കാർക്ക് പ്രചോദനാത്മകമായ സന്ദേശങ്ങൾ നല്കുകയും ചെയ്തു. ജനുവരി 9 ന് രാവിലെ സെമിനാരിയിൽ കൃതജ്ഞതാബലി അർപ്പിക്കുകയും ചെയ്തു.

**7.ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ആന്റണി പി.എ., പെരേപ്പാടൻ ഹൗസ്, ഒല്ലൂർ
2. ശ്രീ. അരുൺ ബാബു, അറങ്ങാശ്ശേരി ഹൗസ്, അത്താണി
3. എസ്.എ.ബി.എസ്. നിർമ്മൽറാണി പ്രൊവിൻസ്, ചേറ്റുപുഴ, തൃശൂർ
4. വിജയമാത എഫ്.സി.സി. കോൺവെന്റ്, പൊന്നാനി
5. ശ്രീ. ആന്റണി സി.ടി., ചീനിക്കൽ ഹൗസ്, നെടുപുഴ
6. ശ്രീമതി ലതി ഫ്രാൻസിസ്, കീറ്റിക്കൽ ഹൗസ്, ഒല്ലൂക്കര, പറവട്ടാനി
7. ശ്രീമതി ആനി പോൾ, തേയ്ക്കാനത്ത് തെക്കുംപീടിക ഹൗസ്, മരത്താക്കര
8. ശ്രീമതി ലിന്റോ ഡേവിഡ്, ചെറുവത്തൂർ ഹൗസ്, വില്ലടം
9. ചൂണ്ടൽ സെന്റ് തോമസ് പള്ളിയുടെ പുനരുദ്ധാരണത്തിന്റെ സ്മരണയ്ക്കുള്ള സ്നേഹാർപ്പണം
10. ഫാ. ഷിജു ചിറ്റിലപ്പിള്ളിയുടെ പൗരോഹിത്യ സിൽവർ ജൂബിലിയുടെ ഓർമ്മയ്ക്ക്
11. ശ്രീ. അലോഷ് അനീഷ്, കാട്ടാൻ ഹൗസ്, മോതിരക്കണ്ണി, ചാലക്കുടി

12. ശ്രീ. എം.സി. തോമസ്, മേലിട്ട് പാലത്തിങ്കൽ ഹൗസ്, കാവീട്
13. 2009–ൽ പൗരോഹിത്യം സ്വീകരിച്ച തൃശൂർ അതിരൂപതയിലെ വൈദികർ

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**പെലിക്കാനസ്–2024 – അവാർഡ് വിതരണം ചെയ്തു.**

ജൂബിലി മിഷൻ ഹോസ്പിറ്റൽ സ്ഥാപനങ്ങളുടെ സ്ഥാപക ഡയറക്ടർ മേൺ. മാത്യു മുരിങ്ങാത്തേരിയുടെയും, അറുപത് വർഷത്തിലേറെ ജൂബിലിയിൽ നിസ്വാർത്ഥമായി സേവനം ചെയ്ത മുറിച്ചുണ്ട് ശസ്ത്രക്രിയ വിദഗ്ധൻ ഡോ. എഡൻവാലയുടെയും സ്മരണാർത്ഥം വർഷം തോറും 'പെലിക്കാനസ്' എന്നപേരിൽ നടന്നുവരുന്ന അനുസ്മരണ ചടങ്ങ് സമാപിച്ചു. ആരോഗ്യമേഖലയിലെ മിഷനറി കാഴ്ച്ചപാട് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 2022 ൽ തുടങ്ങിയ ദേശീയതലത്തിലുള്ള മൂന്നാമത് ഹെൽത്ത് കെയർ മിഷനറി അവാർഡിന് ഒഡീഷ്യയിലെ ബിസ്സാംകട്ടക്ക് കേന്ദ്രമായി പ്രവർത്തിക്കുന്ന ഡോ. ജോൺ സി. ഉമ്മൻ അർഹനായി. 50001 രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. തെക്കൻ ഒഡീഷ്യയിലെ ഉൾനാടൻ പ്രദേശമായ റയഗാഡ ജില്ലയിലെ ബിസ്സാംകട്ടക്ക് കേന്ദ്രീകരിച്ച് ആദിവാസി ജനതയ്ക്ക് വേണ്ടി അദ്ദേഹം നടത്തിയ 35 വർഷത്തെ സേവനത്തെ അടിസ്ഥാനപ്പെടുത്തിയാണ് അദ്ദേഹത്തെ അവാർഡിന് തിരഞ്ഞെടുത്തത്.

72 വർഷം പഴക്കമുള്ള ജൂബിലി ആശുപത്രിയിൽ 60 വർഷം സേവനമനുഷ്ഠിച്ച ഡോ. എഡൻവാലയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പ്രഭാഷണപരമ്പരയിൽ ഈ വർഷം മഹാത്മാഗാന്ധിയുടേയും കസ്തുർബാഗാന്ധിയുടേയും മകന്റെ കൊച്ചുമകനും എഴുത്തുകാരനുമായ തുഷാർ ഗാന്ധി – ഗാന്ധിയൻ വിഷൻ ഓഫ് കംപേഷൻ ആന്റ് എംപതി ഇൻ ഹീലിങ്ങ് – എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. മദർ തെരേസ ഹാളിൽ നടന്ന ചടങ്ങിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി കള്ളിവളപ്പിൽ തുഷാർ

ഗാന്ധിയെക്കുറിച്ച് ഒരു ലഘു വിവരണം നൽകി. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. ഡോ. എഡൻവാലയുടെ ഭാര്യ ഗുൽനാർ എഡൻവാല തുഷാർ ഗാന്ധിയെ പൊന്നാടയണിയിച്ച് ആദരിച്ചു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഡോ. ജോൺ സി. ഉമ്മന് 'ഹെൽത്ത് കെയർ മിഷനറി' അവാർഡ് നൽകി ആദരിച്ചു. ജൂബിലി മിഷൻ ആശുപത്രിയുടെ നവീകരിച്ച വെബ്സൈറ്റ് തുഷാർ ഗാന്ധി ഉദ്ഘാടനം ചെയ്തു. മാസ്റ്റർ ഹാരി പോൾ റൂബിക് സ്ക്യൂബുകൾകൊണ്ട് നിർമ്മിച്ച മഹാത്മാഗാന്ധിയുടെ ചിത്രം തുഷാർഗാന്ധി അനാഛാദനം ചെയ്തു.

**സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും**

ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ ജൂബിലി മിഷൻ ആശുപത്രിയിൽ വെച്ച് സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും സംഘടിപ്പിച്ചു.

**മാതൃമരണനിരക്ക് കുറക്കുന്നതിനുള്ള വർക്ക്ഷോപ്പ്**

മാതൃമരണനിരക്ക് കുറക്കാൻ എൻ.എച്ച്.എം., കേരള ഹെൽത്ത് സർവ്വീസസ്, കെ.എഫ്.ഒ.ജി. എന്നിവ ഒരുമിച്ച് നടത്തുന്ന 'പ്രിവെന്റിങ്ങ് ദ പ്രിവെന്റിബിൾ മെറ്റേണൽ ഡെത്ത്'(പി.പി.എം.ഡി.) 48-ാമത് വർക്ക്ഷോപ്പ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നു.

**ജൂബിലി ആയുർവേദ മിഷൻ ആശുപത്രിക്ക് ആയുർ ഡയമണ്ട് സർട്ടിഫിക്കേഷൻ**

തൃശ്ശൂർ രാമവർമപുരത്ത് പ്രവർത്തിക്കുന്ന ജൂബിലി ആയുർവേദ മിഷൻ ആശുപത്രിക്ക് കേരള ടൂറിസം വകുപ്പിന്റെ ഏറ്റവും ഉയർന്ന അംഗീകാരമായ ആയുർ ഡയമണ്ട് സർട്ടിഫിക്കേഷൻ ലഭിച്ചു. രാമവർമപുരം ജൂബിലി ആയുർവേദ മിഷൻ ആശുപത്രി കാമ്പസിൽ നടന്ന ചടങ്ങിൽ നിയമസഭാംഗവും മന്ത്രിയുമായ കെ. രാജൻ ഈ അംഗീകാരം പ്രഖ്യാപിച്ച് ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിന് തൃശ്ശൂർ അതിരൂപതയുടെ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു. വിശിഷ്ഠാതിഥികളായി വത്തിക്കാനിൽ നിന്നുള്ള റവ. ആർച്ചിമാൻഡ്രൈറ്റ് യരോസ്ലാവ് ലൈജാക്ക്, ഫ്രാൻസിൽ നിന്നും ഫാ. ജീൻ-ലൂക്ക് ബാലാഞ്ച് എന്നിവർ പങ്കെടുത്തു. പത്താം വർഷത്തിലേക്കെത്തുന്ന ജൂബിലി ആയുർവേദയുടെ ആഘോഷങ്ങളുടെ ഭാഗമായി മർമ ക്ലിനിക്, വെരിക്കോസ് ക്ലിനിക്, പൈൽസ് ക്ലിനിക്, ഹോം കെയർ, ജൂബിലി കെയർ കാർഡ് എന്നിവയുടെ

പ്രഖ്യാപനവും നടത്തി.

ആയുർവേദ വൈദ്യശാസ്ത്രരംഗത്ത് അമ്പത് വർഷം പൂർത്തിയാക്കുന്ന ജൂബിലി ആയുർവേദ ചീഫ് കൺസൾട്ടന്റ് സി. ഡൊണാറ്റയെയും കെ.സി.ബി.സി. യൂത്ത് കമ്മീഷൻ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ജൂബിലി പാസ്റ്ററൽ കെയർ മെമ്പർ ഫാ. ഡിറ്റോ കൂളയെയും ചടങ്ങിൽ ആദരിച്ചു.

**അഭിനന്ദനങ്ങൾ**

'കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്' നടത്തിയ സി. സോൺ ഇന്റർ കോളേജ് ഖോ–ഖോ മത്സരത്തിൽ നഴ്സിങ്ങ് കോളേജ് ടീം മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**പുതിയ ഡോക്ടർമാർ**

- ഡോ. ജിജോ ജോൺ, ഇന്റർവെൻഷണൽ റേഡിയോളജി
- ഡോ. രേഷ്മ മുരളി, ജനറൽ സർജറി

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- സെന്റ് പോൾസ് ചർച്ച്, തൈക്കാട്ടുശ്ശേരി, തൃശ്ശൂർ
- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- മൊണാർക്ക് കുറീസ്, തൃശ്ശൂർ
- ഫ്രാൻസിസ് ഇ. പി., എലുവത്തിങ്കൽ ഹൗസ്, ചൊവ്വൂർ, തൃശ്ശൂർ
- സി.എൻ.ജി.എ.ഐ., ജൂബിലി യൂണിറ്റ്
- തോമസ് പോൾ, ചിറയത്ത് മഞ്ഞിയിൽ, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ചിറ്റാട്ടുകര, തൃശ്ശൂർ
- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, നെല്ലിക്കുന്ന്, തൃശ്ശൂർ
- സെന്റ് തെരേസാസ് ചർച്ച്, എറവ്, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ഷിനോ ജോൺ
- ബാബു പോൾ, ഹിൽ ഗാർഡൻ, തൃശ്ശൂർ
- സെന്റ് ആന്റണീസ് ചർച്ച്, വരടിയം, തൃശ്ശൂർ
- ചാക്കോ എം. വി (ലേറ്റ്), മുളംത്താനത്ത് ഹൗസ്, തെക്കുംകര
- ഫ്രാൻസിസ്, കിണറ്റിങ്കൽ ഹൗസ്, ശോഭ സിറ്റി, തൃശ്ശൂർ
- ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്, തൃശ്ശൂർ

- ലിന്റോ തോമസ്, ചിറയത്ത് ഹൗസ്, കുരിയിച്ചിറ, തൃശ്ശൂർ
- ആൻസി വർഗ്ഗീസ്, കിഴക്കുംപാട്ടുകര, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. അഭിനന്ദനങ്ങൾ**

തൃശൂർ സെന്റ് തോമസ് കോളേജിലെ മൂന്നാം വർഷ ഇംഗ്ലീഷ് ബിരുദ വിദ്യാർത്ഥി ജോസഫ് ജസ്റ്റിൻ സന്തോഷ് ട്രോഫി ടൂർണമെന്റ് സീനിയർ കേരള ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

തൃശൂർ സെന്റ് തോമസ് കോളേജിന് കോർപ്പറേഷൻ ഡെപ്യൂട്ടി മേയറിൽ നിന്ന് ഹരിത കേരള മിഷൻ എ+ ഗ്രേഡ് സർട്ടിഫിക്കറ്റ് ലഭിച്ചു.

സെന്റ് തോമസ് കോളേജിലെ ഹോക്കി ടീം കാലിക്കറ്റ് സർവകലാശാലയുടെ ഹോക്കി പുരുഷ വിഭാഗം 2024 ചാമ്പ്യൻമാരായി.

**2. കോളേജ് യൂണിയൻ ഉദ്ഘാടനം നടന്നു**

കോളേജിലെ 2024-2025 അദ്ധ്യയനവർഷത്തിലെ കോളേജ് യൂണിയൻ ഉദ്ഘാടനം മുൻമന്ത്രിയും സെന്റ് തോമസിലെ കെമിസ്ട്രി അധ്യാപകനുമായിരുന്ന സി. രവീന്ദ്രനാഥ് നിർവ്വഹിച്ചു. സിനിമ സംസ്ഥാന അവാർഡ് ജേതാവും പൂർവ്വ വിദ്യാർത്ഥിയുമായ ശ്രീഷ്മ ചന്ദ്രൻ മുഖ്യാതിഥിയായിരുന്നു. പുതിയ കോളേജ് യൂണിയൻ അംഗങ്ങൾക്ക് പ്രിൻസിപ്പൽ ഡോ. മാർട്ടിൻ കെ. എ. പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു.

**3. നോവത്തോൺ 2024 സംഘടിപ്പിച്ചു**

ഡാറ്റാ സയൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 24 മണിക്കൂർ ഇന്റർനാഷണൽ ഹാക്കത്തോൺ 'നോവത്തോൺ 2024' സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. മാർട്ടിൻ കൊളമ്പ്രത്ത് ഉദ്ഘാടനം ചെയ്തു. 700ലേറെ രജിസ്ട്രേഷനുകളിൽനിന്നും 40 ലേറെ വിദ്യാർത്ഥികൾ ഫൈനൽ റൗണ്ടിലെത്തി. വിദ്യാർത്ഥികൾ 10 ടീമുകളായി തിരിഞ്ഞ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് പുതിയ ആശയങ്ങളുടേയും പ്രൊജക്റ്റുകളുടെയും

നിർമ്മാണം നടത്തി. കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

**4. ലോക കമ്പ്യൂട്ടർ സാക്ഷരതാദിനം ആചരിച്ചു**

ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനാചരണത്തോടനുബന്ധിച്ച് ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഡിപ്പാർട്ട്മെന്റ് ഐടി ക്വിസും സ്പീഡ് ടൈപ്പിംഗ് മത്സരവും നടത്തി.

**5. ദ്വിദിന ശില്പശാല സംഘടിപ്പിച്ചു**

ബോട്ടണി വിഭാഗം ദ്വിദിന ശില്പശാല 'പ്ലാന്റ് ടാക്സൊണൊമിയ' സംഘടിപ്പിച്ചു. കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ ശില്പശാല ഉദ്ഘാടനം ചെയ്തു. പ്രകൃതിയിലെ സസ്യവൈവിധ്യത്തിന്റെ കണ്ടെത്തൽ, ക്രോഡീകരണം, സംരക്ഷണം എന്നിവയെ ആസ്പദമാക്കിയുള്ള ശില്പശാലയിൽ കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള അദ്ധ്യാപകർ, ഗവേഷക വിദ്യാർത്ഥികൾ, ബിരുദാനന്തര വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു.

** സുവോളജി വിഭാഗത്തിന്റെ ഗോൾഡൻ ജുബിലി ആഘോഷങ്ങളുടെ ഭാഗമായി 'റീസെന്റ് അഡ്വാൻസസ് ഇൻ ബേസിക് ആൻഡ് അപ്ലൈഡ് ലൈഫ് സയൻസ്' എന്ന വിഷയത്തിൽ ദ്വിദിന നാഷണൽ സെമിനാർ സംഘടിപ്പിച്ചു.

** മീഡിയ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഫിലിം പ്രൊഡക്ഷൻ ശിൽപ്പശാല സംഘടിപ്പിച്ചു. ഫിലിം ഡയറക്ടർ ശ്രീ. ജോ ചാലിശേരി നേതൃത്വം നൽകി.

**6. മോട്ടിവേഷണൽ സെഷൻ നടത്തി**

കമ്പ്യൂട്ടർ അപ്ലിക്കേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ വിജയകരമായ സംരംഭകനും എക്സ്ക്രൂ മീഡിയയുടെ സ്ഥാപകനുമായ ശ്രീ. ഫിനു ടി.ജെ.യുടെ നേതൃത്വത്തിൽ ഒരു മോട്ടിവേഷണൽ സെഷൻ നടത്തി.

**7. മരിയ ഫിലിപ്പ് ഫ്യൂച്ചർ ലീഡേഴ്സ് ഡിബേറ്റ്**

കോളേജിൽ സംഘടിപ്പിച്ച മരിയ ഫിലിപ്പ് ഫ്യൂച്ചർ ലീഡേഴ്സ് ഡിബേറ്റ് സോണൽ മത്സരത്തിൽ ഇംഗ്ലീഷ് ആന്റ് ഹിസ്റ്ററി വിഭാഗത്തിലെ ശ്രീരഞ്ജിനിയും ശ്രീഹരിയും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**8. എക്സ്പേർട്ട് ടോക്ക് സംഘടിപ്പിച്ചു**

കമ്പ്യൂട്ടർ അപ്ലിക്കേഷൻ വിഭാഗം ഈസി കോഴ്സുമായി സഹ

കരിച്ച് 'ന്യൂജെൻ ടെക്നോളജീസും അതിന്റെ ആപ്ലിക്കേഷ നുകളും' എന്ന വിഷയത്തിൽ എക്സ്പേർട്ട് ടോക്ക് സംഘടിപ്പിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവി ശ്രീ. പ്രിൻസൺ പി.ടി. സ്വാഗത പ്രസംഗം നടത്തി.

**9. അണ്ടർസ്റ്റാൻഡിങ് പാട്രിയാർക്കി**

വിമൻസ് സെല്ലിന്റെ നേതൃത്വത്തിൽ 'അണ്ടർസ്റ്റാൻഡിങ് പാട്രി യാർക്കി' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസി. പ്രൊഫ. കെ. ആർ രാഗിയാണ് സംഘടിപ്പിച്ചത്.

**10. ഇന്റർനാഷണൽ കോൺഫറൻസ് സംഘടിപ്പിച്ചു**

സെന്റ് തോമസ് കോളേജിലെ റിസർച്ച് ആൻഡ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെയും നേതൃത്വത്തിൽ ദ്വിദിന ഇൻറർനാഷണൽ കോൺഫറൻസ് സംഘടിപ്പിച്ചു. പ്രൊഫ. രവി മാധവൻ, ശ്രീ. ആന്റോ ജോർജ്, പ്രൊഫ. സാജി ടി.ജെ, ഡോ. ശ്രീജേഷ് എസ് എന്നിവരായിരുന്നു റിസോർസ് പേഴ്സൺസ്.

**11. അടിസ്ഥാന പ്രഥമ ശുശ്രൂഷാ പരിശീലന പരിപാടി**

സെന്റ് തോമസ് കോളേജിലെ ഐ.ക്യു.എസിയും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് അടിസ്ഥാന പ്രഥമ ശുശ്രൂഷാ പരിശീലന പരിപാടി നടത്തി. സി.പി.ആർ പ്രാക്ടീസ്, മുറിവുകൾ, രക്തസ്രാവം, ഒടിവുകൾ, ഉളുക്ക്, പാമ്പ് കടി, നായ്ക്കളുടെ കടി, മുങ്ങിമരണം, ബോധക്ഷയം എന്നിങ്ങനെയുള്ള വിവിധ സാധാരണ അടിയന്തര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതുൾപ്പെടെയുള്ള പ്രഥമ ശുശ്രൂഷാ തത്വങ്ങ ളെക്കുറിച്ച് ധാരണ പങ്കാളികൾക്ക് നൽകുന്നതിനാണ് കോഴ്സ് രൂപകൽപ്പന ചെയ്തത്.

**12. മത്സരങ്ങൾ സംഘടിപ്പിച്ചു**

കോളേജിലെ എന്റർപ്രനർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബിന്റെ നേ തൃത്വത്തിൽ ക്രിസ്തുമസിനോടനുബന്ധിച്ച് ഇന്റർ കോളേജ് കേക്ക് കോമ്പറ്റീഷൻ, ഇന്നൊവേറ്റീവ് സ്റ്റാർ മത്സരം, നാനോ ക്രിബ് കോമ്പ റ്റീഷൻ എന്നിവ സംഘടിപ്പിച്ചു.

**13. ദ്വിഭാഷാ കവിതാ ശില്പശാല സംഘടിപ്പിച്ചു**

കോളേജിൽ മലയാളം, ഇംഗ്ലീഷ് കവിതാ രചനയെക്കുറിച്ച് ശിൽപശാല നടത്തി. കവിയും ഇംഗ്ലീഷ് വിഭാഗം അസി. പ്രൊഫ സറുമായ ഡോ. ശ്യാം സുധാകർ പരിപാടിക്ക് നേതൃത്വം നൽകി.

**14. ഇന്ത്യൻ യൂണിവേഴ്സിറ്റി ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു**

കോളേജിലെ രണ്ടാംവർഷ എം.എ ഇംഗ്ലീഷ് വിദ്യാർത്ഥി ശ്രീ. നബീൽ സഹി എൻ.പി ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പിൽ അഞ്ചാം സ്ഥാനം കരസ്ഥമാക്കി. വേൾഡ് യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിനായി ഇന്ത്യൻ യൂണിവേഴ്സിറ്റി ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

**15. ബോധവൽക്കരണ ക്ലാസും ലഘുലേഖ പ്രകാശനവും നടത്തി**

റോഡപകടത്തിൽ മരണപ്പെട്ടവരുടെ ഓർമ്മ ദിനത്തോടനുബന്ധിച്ച് റോഡ് ആ ക്സിഡന്റ്ആക്ഷൻ ഫോറം തൃശൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ തൃശൂർ സെന്റ് തോമസ് കോളേജും ചേർന്ന് റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസും ലഘുലേഖ പ്രകാശനവും നടത്തി. ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ജെയിംസ് എം.പി ഉദ്ഘാടനം നിർവഹിച്ചു.

**16. എക്കണോമിക് നോബൽ 2024 സംഘടിപ്പിച്ചു**

സാമ്പത്തിക ശാസ്ത്ര വിഭാഗത്തിന്റെ ഒ.എസ്.എയും കേരള എക്കണോമിക് അസോസിയേഷനും സഹകരിച്ച് എക്കണോമിക് നോബൽ 2024 പബ്ലിക് ലെക്ചർ സംഘടിപ്പിച്ചു. ഏറ്റുമാനൂരപ്പൻ കോളേജ് പ്രിൻസിപ്പൽ ഹേമന്ത് കുമാർ ലക്ചറിനു നേതൃത്വം നൽകി.

**17. വിജയികളായി**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഇന്റർകോളേജിയേറ്റ് ജൂഡോ മെൻ ചാമ്പ്യൻഷിപ്പ് 2024-2025 ൽ തൃശൂർ സെന്റ്. തോമസ് കോളേജ് വിദ്യാർത്ഥികൾ സെക്കന്റ് റണ്ണറപ്പായി.

**18. ഇന്റർകോളേജിയേറ്റ് ഷൂട്ടിംഗ് വിജയികളായി**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർകോളേജിയേറ്റ് വ്യക്തിഗത മത്സരങ്ങളിൽ തൃശൂർ സെന്റ്. തോമസ് കോളേജ് വിജയികളായി.

**19. സോഷ്യൽ എക്സ്റ്റൻഷൻ ഏക്ടിവിറ്റി നടത്തി**

സൈക്കോളജി വിഭാഗത്തിൻറെ നേതൃത്വത്തിൽ തൃശൂർ ഗവൺമെന്റ് ഹെൽത്ത് സെന്ററിലേക്ക് രണ്ട് മേശകൾ വിതരണം ചെയ്തു. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.റഹ്മുദ്ദീൻ പി. കെ ഓറിയന്റേഷൻ സെഷന് നേതൃത്വം നൽകി.

**20. ബോധവത്കരണ സെഷൻ സംഘടിപ്പിച്ചു**

കേരളത്തിലെ വനിതാ ശിശുവികസന വകുപ്പുമായി സഹകരിച്ച് തൃശ്ശൂർ സെൻറ് തോമസ് കോളേജിലെ ജെൻഡർ ക്ലബ്ബ് മേനാച്ചേരി ഹാളിൽ പോഷ് ആക്ട്/ഡിവി ആക്ട്/സ്ത്രീധന നിരോധന നിയമം

എന്നിവയെക്കുറിച്ച് ബോധവത്കരണ സെഷൻ സംഘടിപ്പിച്ചു. പ്രിൻസിപ്പൽ റവ. ഡോ. മാർട്ടിൻ കെ.എ പരിപാടി ഉദ്ഘാടനം ചെയ്തു. 'സങ്കൽപ്പ്'ലെ ജെൻഡർ സ്പെഷ്യലിസ്റ്റ് അശ്വതി പി.എം ലക്ചർ നൽകി

**21. ഇലക്ട്രോണിക്സ് ദിനമാചരിച്ചു**

കോളേജിലെ ഐ.ഐ.സി, ഐ.ഇ.ഡി.സി, ഇലക്ട്രോണിക്സ് വിഭാഗം എന്നിവരുടെ സഹകരണത്തോടെ ഇലക്ട്രോണിക്സ് ദിനം ആചരിച്ചു. രണ്ടു ദിവസങ്ങളിലായാണ് സെമിനാർ സംഘടിപ്പിച്ചത്. എൻ റൂട്ടിംഗ് കരിയർസ് ചീഫ് ഓപ്പറേഷൻ ഓഫീസർ ശ്രീ അവിനാഷ്, ആർ.ആന്റ്.ഡി ഹെഡ് ശ്രീ വിഷ്ണു, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. പ്രതീഷ്, ചീഫ് മാർക്കറ്റിംഗ് ഓഫീസർ ശ്രീ. ജീജോ എന്നിവർ ക്ലാസുകൾ നയിച്ചു.

**22. ഭരണഘടനാദിനം ആചരിച്ചു**

തൃശ്ശൂർ സെൻറ് തോമസ് കോളേജിലെ എൻ.എസ്.എസും ഇലക്ട്രൽ ലിറ്ററസി ക്ലബ്ബും ചേർന്ന് 75-ാം ഭരണഘടന ദിനത്തോടനുബന്ധിച്ച് ഭരണഘടന ആമുഖം വായിച്ചു.

**23. അസ്ത്ര 2024**

ഗണിതശാസ്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ അസ്ത്ര 2024- ഡിപ്പാർട്ട്മെന്റ് ഫെസ്റ്റ് സംഘടിപ്പിച്ചു.കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എമരിറ്റസ് പ്രൊഫ. ഡോ. എ. വിജയകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. മോൺസി തോമസ് മൂത്തേടൻ മെമ്മോറിയൽ വാർഷിക പ്രഭാഷണം നടത്തി. പ്രൊഫ.എം.ഡി.പോൾ മെമ്മോറിയൽ ഇന്റർകോളീജിയറ്റ് ഇന്റർസ്കൂൾ മാത്തമാറ്റിക്സ് ക്വിസ് മത്സരം, ലോജിക്കൽ അഭിരുചി പരീക്ഷ, പസിൽ സോൾവിംഗ് മത്സരം, ട്രഷർ ഹണ്ട്, ഗണിതശാസ്ത്ര പ്രദർശന മത്സരം, സ്പീക്കത്തോൺ, ഐഡിയ പിച്ചിംഗ് മത്സരം, പോസ്റ്റർ മത്സരം തുടങ്ങി യ വിവിധ സാംസ്കാരിക പരിപാടികൾ- നൃത്ത പ്രകടനങ്ങൾ, ഫാഷൻ ഷോ, മ്യൂസിക്കൽ ബാൻഡ് തുടങ്ങിയവയും സംഘടിപ്പിച്ചു.

**24. ഏകദിന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

കോളേജിന്റെ നേതൃത്വത്തിൽ 'അഡ്വാൻസ്ഡ് റിവ്യൂ മെത്തഡോളജി : ബിബ്ലിയോമെട്രിക്സ്, എസ് എൽ.ആർ ആൻഡ് ജനറേറ്റീവ് എ.ഐ' എന്ന വിഷയത്തിൽ ഏകദിന ശിൽപശാല സംഘടിപ്പിച്ചു.

**25. നാഷണൽ സെമിനാർ സംഘടിപ്പിച്ചു**

സുവോളജി വിഭാഗത്തിന്റെ ഗോൾഡൻ ജൂബിലിയോട് അനുബ

ന്ധിച്ച് 'റീസന്റ് അഡ്വാൻസസ് ഇൻ ബേസിക് ആൻഡ് അപ്ലൈഡ് ലൈഫ് സയൻസ്' എന്ന വിഷയത്തിൽ ദ്വിദിന നാഷണൽ സെമിനാർ സംഘടിപ്പിച്ചു.

**26. റൈഫിൾ ഡ്രിൽ നടത്തി**

എൻ.സി.സി ദിനത്തോടനുബന്ധിച്ച് തൃശൂർ സെന്റ് തോമസ് (ഓട്ടോണോമസ്) കോളേജിലെ എൻ. സി. സി കേഡറ്റുകൾ ഒരു അതുല്യമായ റൈഫിൾ ഡ്രിൽ നടത്തി.

**27. ബിരുദ ഓർമ്മകളുടെ അമ്പതാം വർഷം**

തൃശൂർ സെന്റ് തോമസ് കോളേജ് 1972–1975 കാലഘട്ടത്തിലെ പഠിച്ച വിദ്യാർഥികൾ അവരുടെ ഗോൾഡൻ ജൂബിലിയുടെ ഭാഗമായി കോളേജിൽ ഒത്തുകൂടി അധ്യാപകരെ ആദരിച്ചു. വിദ്യാർത്ഥികൾക്കായി സെമിനാറുകൾ സംഘടിപ്പിച്ചു. ഈ സെമിനാറിനോട് അനുബന്ധിച്ച് രണ്ട് ഇൻവൈറ്റഡ് ടോക്കുകൾ ഉണ്ടായിരുന്നു. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ചീഫ് സയന്റിസ്റ്റ് ഡോ. ടി.വി സജീവ്, ശ്രീ സുധാകരൻ എന്നിവർ  സെമിനാർ നയിച്ചു.

**28. മാനസികാരോഗ്യത്തിൽ സംരംഭകത്വം**

ഇന്നൊവേഷൻ കൗൺസിലിന്റെയും ഇന്നവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററിന്റെയും സഹകരണത്തോടെ സൈക്കോളജി വിഭാഗം മാനസികാരോഗ്യത്തിൽ സംരംഭകത്വം എന്ന വിഷയത്തിൽ ചിന്തോദ്ദീപകമായ സെഷൻ സംഘടിപ്പിച്ചു. മാനസികാരോഗ്യ മേഖലയിലെ സ്റ്റാർട്ടപ്പ് പ്ലാനുകളുടെയും സംരംഭകത്വത്തിന്റെയും അവസരങ്ങൾ പരിശോധിച്ചു.

**29. എം.ടി വാസുദേവൻ നായർ അനുസ്മരണം**

സെന്റ് തോമസ് കോളേജിലെ റീഡേഴ്സ് ആൻഡ് റൈറ്റേഴ്സ് ക്ലബ്ബ്  കവിപ്രതിഭാ ഹാളിൽ എം.ടി വാസുദേവൻ നായർ അനുസ്മരണം നടത്തി. പ്രശസ്ത സാഹിത്യ കാരൻമാരായ കെ.അരവിന്ദാക്ഷൻ, വി.കെ.കെ.രമേഷ്, കറന്റ് ബുക്സിന്റെ പബ്ലിക്കേഷൻ മാനേജർ കെ.ജെ.ജോണി എന്നിവർ എം.ടി. യെക്കുറിച്ചുള്ള തങ്ങളുടെ വിലപ്പെട്ട ചിന്തകളും ഓർമ്മകളും പകർന്നു.

**30. യോഗ സെക്ഷൻ**

സൈക്കോളജി വിഭാഗം, പ്രീമ പ്രതീപിന്റെ നേതൃത്വത്തിൽ അഷ്ടാംഗ യോഗയെക്കുറിച്ച് ഒരു സെഷൻ സംഘടിപ്പിച്ചു. പരിപാടി അഷ്ടാംഗ യോഗയുടെ തത്വങ്ങളിലേക്ക് ആഴ്ന്നിറങ്ങുകയും വിവിധ യോഗ ആസനങ്ങളെക്കുറിച്ചുള്ള പ്രായോഗിക സെഷനുകൾ നൽകുകയും ചെയ്തു.

**31. മൻമോഹൻ സിംഗ് അനുസ്മരണം**

സാമ്പത്തികശാസ്ത്ര വിഭാഗം ഇന്ത്യയുടെ അന്തരിച്ച മുൻ പ്രധാനമന്ത്രി, ഡോ. മൻമോഹൻ സിംഗ് ഇന്ത്യയുടെ സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ അദ്ദേഹം നൽകിയ ശ്രദ്ധേയമായ സംഭാവന കളെ അനുസ്മരിക്കുന്നതായിരുന്നു പരിപാടി.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സി. മാനേജർ

**മെസ്റ്റിൻ പി.സി.**
പി.ആർ.ഒ.

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**സേവന മേഖലയിൽ ഒന്നിച്ചു പ്രവർത്തിക്കാൻ ധാരണയായി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജും ലയൺസ് ക്ലബ് മുള്ളൂർക്കരയും മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ എൻ.എസ്.എസ് യൂണിറ്റുമായി ചേർന്ന് കോളേജിലെയും മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെയും എല്ലാവിധ സേവന പ്രവർത്ത നങ്ങളിലും പങ്കാളിയാകുവാൻ തീരുമാനിക്കുകയും ധാരണപത്രം ജനുവരി 1-ാം തിയ്യതി ഒപ്പുവെക്കുകയും ചെയ്തു.

**ഇനീഷിയേറ്ററി സ്കൂൾ എക്സപീരിയൻസ്**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2024-2026 ബാച്ച് വിദ്യാർത്ഥികൾ ജനുവരി 6-ാം തിയ്യതി മുതൽ 10-ാം തിയ്യതി വരെ വിവിധങ്ങളായ സ്കൂളുകളിൽ ഇനീഷിയേറ്ററി സ്കൂൾ എക്സ്പീരിയൻസ് പൂർത്തിയാക്കി.

**സിനർജി സീരീസ്**

'Ecilogical Intelligence and Pedagogy : Educating for a Sustainable Future' എന്ന വിഷയത്തിൽ ജനുവരി 13-ാം തിയ്യതി പെരുമ്പിലാവ് അൻസാർ ട്രെയിനിംഗ് കോളേജ് ഫോർ വുമൺ പ്രിൻസിപ്പൽ ഡോ. മഹമൂദ് ഷിഹാബ് കെ.എം സെമിനാർ അവതരിപ്പിച്ചു.

**ഡെമോൺസ്ട്രേഷൻ ക്ലാസുകൾ നടത്തി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2024-2026 ബാച്ച് വിദ്യാർത്ഥികൾക്കായി മുള്ളൂർക്കര എൻ.എസ്.എസ്.ഹയർ സെക്കന്ററി സ്കൂളിൽ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ ജനുവരി 14-ാം തിയ്യതി വരെ നടത്തി.

### ആർട്ട്സ് എന്റ് ഡ്രാമ വർക്ഷോപ്പ്

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2024-2026 ബാച്ച് വിദ്യാർത്ഥികൾക്കായി ഇ.പി.സി.ടുവിന്റെ ഭാഗമായി ആർട്ട്സ് ഏന്റ് ഡ്രാമ വർക്ഷോപ്പ് ജനുവരി 16-ാം തിയ്യതി സംഘടിപ്പിച്ചു.

### പ്രാക്ടിക്കൽ എക്സാം

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2024-2026 ബാച്ച് വിദ്യാർത്ഥികളുടെ പ്രാക്ടിക്കൽ എക്സാം ജനുവരി 15-ാം തിയ്യതി നടത്തി.

### റിപ്പബ്ലിക് ഡേ ആഘോഷം നടത്തി

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ എൻ.എസ്.എസ് യൂണിറ്റുമായി ചേർന്നു കൊണ്ട് റിപ്പബ്ലിക് ഡേ ആഘോഷിച്ചു.

### മന്തിലി ഫീഡ്ബാക്ക് നടത്തി

മഹാജൂബിലി കലാലയത്തിൽ ബി.എഡ് ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ജനുവരി മാസത്തെ കോളേജ് പ്രവർത്തനങ്ങളുടെ മന്തിലി ഫീഡ്ബാക്ക് ജനുവരി 28-ാം തിയ്യതി സംഘടിപ്പിച്ചു. മലയാളം വിഭാഗം വിദ്യാർഥികൾ പരിപാടിക്ക് നേതൃത്വം വഹിച്ചു. വിവിധങ്ങളായ കലാപരിപാടികളും മത്സരങ്ങളും അരങ്ങേറി.

### കൾച്ചറൽ പ്രോഗ്രാം നടത്തി

ജനുവരി 23-ാം തിയ്യതി കൾച്ചറൽ പ്രോഗ്രാമിന്റെ ഭാഗമായി 2024-2026 ബാച്ച് വിദ്യാർത്ഥികൾ സെമി ക്ലാസിക്കൽ ഡാൻസ് അവതരിപ്പിച്ചു.

### ക്രിട്ടിസിസം ക്ലാസുകൾ നടത്തി

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2024-2026 ബാച്ച് വിദ്യാർത്ഥികൾക്കായി മുള്ളൂർക്കര എൻ.എസ്.എസ്.ഹയർ സെക്കഡറി സ്കൂളിൽ ജനുവരി 20, 21 തീയതികളിൽ ക്രിട്ടിസിസിസം ക്ലാസുകൾ സഘടിപ്പിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ..**

| | | |
|---|---|---|
| 4 ചൊവ്വ | - | ലോക കാൻസർ ദിനം |
| 7 വെള്ളി | - | ആദ്യവെള്ളി, വി. കുർബാന |
| 11 ചൊവ്വ | - | ലൂർദ്ദ് മാതാവ് (രോഗീദിനം) |
| 13 വ്യാഴം | - | റേഡിയോ ദിനം |
| 21 വെള്ളി | - | മാതൃഭാഷ ദിനം |
| 25 ചൊവ്വ | - | വാഴ്ത്തപ്പെട്ട സി. റാണി മരിയ |
| 28 വെള്ളി | - | ശാസ്ത്രദിനം |

**2. വാർഷിക പരീക്ഷകൾ**

വാർഷിക പരീക്ഷകൾ ആരംഭിക്കാറായി. വിദ്യാർത്ഥിനി വിദ്യാർത്ഥികളെ പരീക്ഷകൾക്ക് നന്നായി ഒരുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. S.S.L.C., Plus Two വിദ്യാർത്ഥികൾക്ക് സ്പെഷൽ ക്ലാസ്സുകൾ വേണമെങ്കിൽ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ നൽകുന്ന നിർദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുമല്ലോ. പഠനത്തിൽ പിന്നിൽ നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി, എല്ലാ സ്കൂളുകളും 100% വിജയം നേടാൻ പ്രത്യേകം ശ്രദ്ധിക്കുക. ഫുൾ A+ കിട്ടുവാൻ സാധ്യതയുള്ളവർക്കും പ്രത്യേകം പരിശീലനം നൽകുമല്ലോ.

**3. CENTRALISED EXAMINATION**

PUPILS WHO GOT HIGHEST PERCENTAGE OF MARKS IN CENTRALISED EXAMINATION STD. IV – 2024-2025

| RANK | NAME OF STUDENT | NAME OF SCHOOL | MARKS |
|---|---|---|---|
| FIRST | ANAY V | A.L.P.S., THIRUVENKIDOM | 58/59 |
| SECOND | SATHVIK KRISHNA V. | ST. THOMAS L.P.S., THIROOR | 57/59 |
| THIRD | NIHARA S.L. | ST. SEBASTIAN’S R.C.L.P.S., VALAPAD | 56¾/59 |

PUPILS WHO GOT HIGHEST PERCENTAGE OF MARKS IN CENTRALISED EXAMINATION STD. VII – 2024-2025

| RANK | NAME OF STUDENT | NAME OF SCHOOL | MARKS |
|---|---|---|---|
| FIRST | VAISHNAV C.V. | ST. GEORGE'S U.P.S., MUKKATTUKARA | 84/90 |
| FIRST | VAISAGH C. | ST. GEORGE'S U.P.S., MUKKATTUKARA | 84/90 |
| SECOND | FATHIMA AIZAH V.S. | ST. ANTONY'S H.S.S., PAZHUVIL | 82/90 |
| SECOND | ARYANATH V.M. | St. Xavier's U.P.S., Velur | 82/90 |
| THIRD | ASHIN B.S. | ST. THOMAS H.S.S., THIROOR | 81¾/90 |

TEACHERS WHO HAVE PRODUCED THE HIGHEST PERCENTAGE OF RESULT IN CENTRALISED EXAMINATION STANDARD VII – 2024-2025

| Sl. No. | Name of teacher | Name of school | Sub ject | No. of pupils appeared | No. of pupils passed | % of pass |
|---|---|---|---|---|---|---|
| First | Bincy Thomas | St. Thomas C.H.S.S., Thrissur | Mal. | 38 | 38 | 100 |
| Firtst | Sreedevi P. | Matha H.S., Mannampetta | Skt. | 38 | 37 | 97.36 |
| Consol-ation | Ramadevi K.R. | St. Antony's U.P.S. Kodannur | ,, | 22 | 22 | 100 |
| Consol-ation | Soniya P.V. | St.. F.X.R.C. U.P.S., Vatanappally | Urdu | 21 | 21 | 100 |
| Consol-ation | Shahila T.K. | St. Joseph's H.S., Enamakkal | ,, | 14 | 14 | 100 |
| Consol-ation | Seena Devassy | St. George's U.P.S., Mukkattukara | ,, | 12 | 12 | 100 |

| | | | | | | |
|---|---|---|---|---|---|---|
| Consol-ation | Ragin P.R. | St. Xavier's U.P.S., Velur | ,, | 8 | 8 | 100 |
| First | Jiji Antony C. | St. Antony's U.P.S., Kodannur | Eng-lish | 58 | 51 | 87.93 |
| First | Juilie T.J. | St. Thomas C.H.S.S., Thrissur | Hindi | 49 | 47 | 95.91 |
| First | Sinija K. Sunny | St. Antony's U.P.S., Kodannur | Social Science | 58 | 56 | 96.55 |
| First | Shereena Thomas | St. Antony's U.P.S., Kodannur | Science | 58 | 53 | 91.37 |
| First | Tincy M. Jose | R.C.U.P.S., Kottapady | Maths | 50 | 50 | 100 |

TEACHERS WHO HAVE PRODUCED THE HIGHEST PERCENTAGE OF RESULT IN CENTRALISED EXAMINATION STANDARD IV – 2024-2025

| Sl. No. | Name of teacher | Name of school | Sub ject | No. of pupils appeared | No. of pupils passed | % of pass |
|---|---|---|---|---|---|---|
| First | Shini Jose | St. Antony's L.P.S., Varandarappilly | Mal. | 32 | 32 | 100 |
| Consol-ation | Vincy Jose | St. Louis L.P.S., Venmenad | ,, | 12 | 12 | 100 |
| ,, | Reetha C.P. | St. Francis L.P.S., Attathara | ,, | 11 | 11 | 100 |
| ,, | Jitha E.J. | St. Mary's L.P.S., Enamakkal | ,, | 7 | 7 | 100 |
| ,, | Jeena Jose | Pope John L.P.S., Kuriachira | ,, | 6 | 6 | 100 |
| ,, | Hani Alexander | St. Mary's L.P.S., Puthumanassery | ,, | 2 | 2 | 100 |
| First | Jexy C.J. | St. Joseph's U.P.S., Kundannur | Eng. | 43 | 42 | 97.67 |
| Consol-ation | Dinu Davis P. | St. Francis L.P.S., Attathara | ,, | 11 | 11 | 100 |
| ,, | Binu P.J. | Pope John L.P.S., Kuriachira | ,, | 6 | 6 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ,, | Hani Alexander | St. Mary's L.P.S., Puthumanassery | ,, | 2 | 2 | 100 |
| First | Shincy T.F. | St. Thomas L.P.S., Thiroor | EVS | 37 | 35 | 94.59 |
| Consol-ation | Deepa Joseph T. | St. Mary's A.L.P.S., Pallissery | ,, | 23 | 23 | 100 |
| ,, | Vincy Jose | St. Louis L.P.S., Venmenad | ,, | 12 | 12 | 100 |
| ,, | Jitha E.J. | St. Mary's L.P.S., Enamakkal | ,, | 7 | 7 | 100 |
| ,, | Reena C.D. | Pope John L.P.S., Kuriachira | ,, | 6 | 6 | 100 |
| ,, | Hani Alexander | St. Mary's L.P.S., Puthumanassery | ,, | 2 | 2 | 100 |
| First | Shincy T.F. | St. Thomas L.P.S., Thiroor | Maths | 37 | 37 | 100 |
| Consol-ation | Janifer V.C. | St. Francis L.P.S., Attathara | ,, | 11 | 11 | 100 |
| ,, | Lidya Kuriakose | Pope John L.P.S., Kuriachira | ,, | 6 | 6 | 100 |
| ,, | Hani Alexander | St. Mary's L.P.S., Puthumanassery | ,, | 2 | 2 | 100 |

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

**ഫെബ്രുവരി മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ ഫെബ്രുവരി മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 12,13,14 – 19,20,21 – 26,27,28. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ

വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സെറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**റിസോഴ്സ് പേഴ്സൻസ് സംഗമം**

ഫാമിലി അപ്പസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ആമ്പല്ലൂരിൽ വച്ച് നടക്കുന്ന പ്രീകാന ധ്യാനത്തിന് സഹായിക്കുന്ന ബഹുമാനപ്പെട്ട വൈദീകരുടെയും സന്യസ്തരുടെയും അത്മായ സുഹൃത്തുക്കളുടെയും സംഗമം ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുകയുണ്ടായി. പെ.ബഹു.വികാരി ജനറാൾ മോൺ. ജോസ് കോനിക്കര ഈ സംഗമത്തിന് അദ്ധ്യക്ഷനായിരുന്നു. കഴിഞ്ഞ വർഷങ്ങളിൽ പ്രീകാന ധ്യാനത്തിന് നിസ്വാർത്ഥമായി സഹകരിച്ച എല്ലാവർക്കും നന്ദി പറയുകയും പ്രീകാന ധ്യാനത്തിന്റെ വിവിധ വശങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർമാർ

# കുടുംബക്കൂട്ടായ്മ

**വനിതാ ഭാരവാഹികൾക്കായുള്ള സംഗമം ESTHER**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ തൃശ്ശൂർ അതിരൂപതയിലെ 3200 ഓളം കുടുംബകൂട്ടായ്മകളിലെ വനിതാ ഭാരവാഹികൾക്കായുള്ള സംഗമം ESTHER - 2024 ഡിസംബർ 21-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 ന് കുരിയച്ചിറ സെ.ജോസഫ് മോഡൽ ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് നടത്തി. പ്രസ്തുത സംഗമത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. മോൺ. ജോസ് കോനിക്കര യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. അഭിമാനവും കഴിവും ഉള്ള ഒരമ്മയ്ക്ക് മാത്രമേ സ്വന്തം വീടിനും സമൂഹത്തിനും ശാന്തിയും സമാധാനവും പ്രധാനം ചെയ്യാൻ കഴിയുകയുള്ളൂ എന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ കേരള ഹൈക്കോടതി ജഡ്ജി ബഹു. ജസ്റ്റിസ് സോഫി തോമസ് അഭിപ്രായപ്പെട്ടു. തുടർന്ന് ''സ്ത്രീകൾക്ക് സഭ

യിലും, സമൂഹത്തിലും ഉള്ള പങ്ക്'' എന്ന വിഷയത്തെ ആസ്പദമാക്കി ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പബ്ലിക് സ്പീക്കിങ്ങ് ഡയറക്ടർ ഡോ. കൊച്ചുറാണി ജോസഫ് ക്ലാസ്സ് നയിച്ചു. പ്രസ്തുത സംഗമത്തിന്റെ സമാപന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷനാവുകയും സമാപന സന്ദേശം നൽകുകയും ചെയ്തു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

## മാതൃവേദി

### പുത്തൻപാന നൃത്ത സംഗീത ആവിഷ്ക്കാരത്തിന് തൃശ്ശൂർ അതിരൂപത മാതൃവേദി ബസ്റ്റ് ഓഫ് ഇന്ത്യ റെക്കോർഡ് കരസ്ഥമാക്കി

ജർമ്മൻകാരനായ അർണോസ് പാതിരി എന്ന് അറിയപ്പെടുന്ന യോഹാൻ ഏർണസ്റ്റ് ആധുനിക കേരളത്തിന്റെ സംസ്കാരിക സാഹിത്യ മേഖലകളിൽ ഏറെ സംഭാവനകൾ നൽകിയിട്ടുള്ള ഒരു വൈദേശിക സന്ന്യാസിയാണ്. 1681 ൽ ജർമ്മനിയിലെ ഹാനോവറിന്റെ സമീപത്ത് ജനിച്ച് പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം ഇന്ത്യയിലേക്ക് യാത്ര തിരിക്കുകയും 1700 ഡിസംബർ 13 ന് സൂറത്തിൽ എത്തിച്ചേരുകയും തന്റെ സന്യാസപരിശീലനത്തോടൊപ്പം മലയാള സാഹിത്യത്തിലും സംസ്കൃതത്തിലും പ്രാവീണ്യം നേടുകയും ചെയ്തു. അദ്ദേഹത്തിന്റ പ്രധാന സാഹിത്യ കൃതികളിൽ പ്രസിദ്ധമാണ് പുത്തൻപാന. ഇത് ക്രിസ്ത്യാനികളുടെ ഇടയിൽ വളരെ പ്രചാരം നേടിയ മലയാള ക്രിസ്തീയ കാവ്യമാണ്. അർണോസ് പാതിരിയുടെ ഭാരതപ്രവേശനത്തിന്റെ 325-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നതിനോട് അനുബന്ധിച്ച് തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ പുത്തൻപാനയുടെ സംഗീത നൃത്ത ആവിഷ്ക്കാരം സംഘടിപ്പിച്ചത്.

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പുത്തൻപാനയുടെ സംഗീത നൃത്ത ആവിഷ്ക്കാരം ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ അങ്കണത്തിൽ വച്ച്

നടത്തിയ നൃത്ത സംഗീത ആവിഷ്ക്കാരത്തിൽ 3200ൽ പരം തൃശ്ശൂർ അതിരൂപതയിലെ മാതൃവേദി അമ്മമാർ പങ്കെടുത്തു. ഈ അവതരണത്തിന് ബസ്റ്റ് ഓഫ് ഇന്ത്യ റെക്കോർഡ് തൃശ്ശൂർ അതിരൂപത മാതൃവേദി കരസ്ഥമാക്കി. മെഗാ മാർഗ്ഗംകളിക്കും, മെഗാ റമ്പാൻ പാട്ടിനും, മെഗാ കോൽക്കളിക്കും തൃശ്ശൂർ അതിരൂപത മാതൃവേദി ബസ്റ്റ് ഓഫ് ഇന്ത്യ റെക്കാർഡ് ഇതിനകം കരസ്ഥമാക്കുകയുണ്ടായി. നാലാം പ്രാവശ്യമാണ് തൃശ്ശൂർ അതിരൂപത മാതൃവേദി ബസ്റ്റ് ഓഫ് ഇന്ത്യ റെക്കോർഡ് കരസ്ഥമാക്കുന്നത്. തൃശ്ശൂർ അതിരൂപത മാതൃവേദി ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ സ്വാഗതം അർപ്പിച്ചു. ഗ്ലോബൽ മാതൃവേദി പ്രസിഡണ്ട് ശ്രീമതി ബീന ജോഷി, മാതൃവേദി പ്രസിഡണ്ട് ശ്രീമതി എൽസി വിൻസെന്റ് എന്നിവർ ആശംസകളർപ്പിച്ചു. മെഗാ പുത്തൻപാന കൺവീനർ ശ്രീമതി ലിസ്സി പോൾ നന്ദി പറഞ്ഞു.

**ബൈബിൾ പകർത്തി എഴുതിയ മാതൃവേദി അമ്മമാരുടെ സംഗമത്തിന് ബസ്റ്റ് ഓഫ് ഇന്ത്യ റെക്കോർഡ് കരസ്ഥമാക്കി**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ പുതിയ നിയമം പകർത്തിയെഴുതിയ മാതൃവേദി അമ്മമാരുടെ സംഗമം തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ വച്ച് 2025 ജനുവരി 23-ാം തിയ്യതി വ്യാഴാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.00 വരെ സംഘടിപ്പിക്കുകയുണ്ടായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും ബൈബിൾ സമർപ്പണവും ഉണ്ടായിരുന്നു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബൈബിൾ പകർത്തിയെഴുതിയവരുടെ സംഗമം ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ അങ്കണത്തിൽ വച്ച് ബൈബിൾ പുതിയ നിയമം പകർത്തിയെഴുതിയ 1300 ൽ പരം അമ്മമാർ ഒരുമിച്ച് ബൈബിൾ പ്രകാശനം ചെയ്തു. കൂടാതെ 3 മിനിറ്റ് കൊണ്ട് പുതിയനിയമം വായിച്ച് തീർക്കുകയും ചെയ്തു. ഈ മെഗാ ബൈബിൾ പുതിയനിയമ പ്രകാശനത്തിന് ബസ്റ്റ് ഓഫ് ഇന്ത്യ റെക്കോർഡ് തൃശ്ശൂർ അതിരൂപത മാതൃവേദി കരസ്ഥമാക്കി. മെഗാ മാർഗ്ഗംകളിക്കും, മെഗാ റമ്പാൻ പാട്ടിനും, മെഗാ കോൽക്കളിക്കും, മെഗാ പുത്തൻപാന നൃത്ത സംഗീത ആവിഷ്ക്കാരത്തിനും ശേഷം ബൈബിൾ പുതിയനിയമം പകർത്തിയെഴുതിയ അമ്മമാരുടെ 1300 ൽ പരം ബൈബിളുകൾ ഒരുമിച്ച് പ്രകാശനം ചെയ്തതിന് തൃശ്ശൂർ അതിരൂപത മാതൃവേദി ബസ്റ്റ് ഓഫ് ഇന്ത്യ റെക്കാർഡ് കരസ്ഥമാക്കുകയും ചെയ്തു. അഞ്ചാം പ്രാവശ്യമാണ് തൃശ്ശൂർ അതിരൂപത മാതൃവേദി ബസ്റ്റ് ഓഫ് ഇന്ത്യ റെക്കോർഡ് കരസ്ഥമാക്കുന്നത്. തൃശ്ശൂർ അതിരൂപത മാതൃവേദി

ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ സ്വാഗതം അർപ്പിച്ചു. തൃശ്ശൂർ അതിരൂപത ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ റവ. ഫാ. ദിജോ ഒലക്കേങ്കിൽ, ഗ്ലോബൽ മാതൃവേദി പ്രസിഡണ്ട് ശ്രീമതി ബീന ജോഷി, മാതൃവേദി പ്രസിഡണ്ട് ശ്രീമതി ഉജ്ജ്വല ബിജു എന്നിവർ ആശംസകളർപ്പിച്ചു. മെഗാ ബൈബിൾ പകർത്തിയെഴുത്ത് കൺവീനർ ശ്രീമതി എൽസി വിൻസെന്റ് നന്ദി പറഞ്ഞു. അസി. ഡയറക്ടർ ഫാ. അനിഷ് കൂത്തൂർ, ബൈബിൾ പകർത്തിയെഴുത്ത് ജോ. കൺവീനർ ശ്രീമതി ജീന ജോസഫ്, തുടങ്ങിയ പഴയ, പുതിയ അതിരൂപത ഭാരവാഹികൾ ഈ പരിപാടിക്ക് നേതൃത്വം കൊടുത്തു.

**ശ്രീമതി ബീന ജോഷിക്ക് അഭിനന്ദനങ്ങൾ**

സീറോ മലബാർ ഗ്ലോബൽ മാതൃവേദിയുടെ പ്രസിഡണ്ടായി രണ്ടാം തവണയും തിരഞ്ഞെടുത്ത തൃശ്ശൂർ അതിരൂപതയിലെ പാലയൂർ ഇടവകാംഗമായ ശ്രീമതി ബീന ജോഷിക്ക് തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ അഭിനന്ദനങ്ങളും ആശംസകളും.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി ഉജ്ജ്വല ബിജു**
പ്രസിഡണ്ട്

**ശ്രീമതി റീന വർഗ്ഗീസ്**
സെക്രട്ടറി

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാന സാന്തരത്തിനുവേണ്ടിയും ഫെബ്രുവരി 3 തിങ്കൾ വൈകീട്ട് 5.30 മുതൽ 7.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹ പൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ഫെബ്രുവരി മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും ഫെബ്രുവരി 9-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.45 മുതൽ 6.45 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് പിന്നീട് അയച്ചുതരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 9605043327.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

## LOAF SPIRITUAL DAY

കുടുംബങ്ങൾക്ക്വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' ഫെബ്രുവരി 8-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

## LOAF COUPLES RETREAT

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ഫെബ്രുവരി 7,8,9 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. ഫെബ്രുവരി 7 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 9 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

## LOAF ACADEMIC SESSION

ലോഫ് അക്കാഡമിക് സെക്ഷൻ ഫെബ്രുവരി 23-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്.

എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**

## തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

### സി എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാനത്തിലെ സർക്കാർ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്ക് ജനസംഖ്യ ആനുപാതികമായി 24-25 സാമ്പത്തിക വർഷം നൽകുന്നതിലേക്കായി സി എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പ് /ഹോസ്റ്റൽ സ്റ്റൈപ്പൻഡ് നൽകുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. ബിരുദത്തിന് 5000 രൂപയും ബിരുദാനന്തര ബിരുദത്തിന് ആറായിരം രൂപയും പ്രൊഫഷണൽ കോഴ്സിന് 7000 രൂപയും ഹോസ്റ്റൽ സ്റ്റൈപ്പൻഡ് 13000 രൂപയും ആണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്. അവസാന തിയ്യതി 3-2-2025.

### റെയിൽവേയിൽ 32,000 ഒഴിവ്

ഇന്ത്യൻ റെയിൽവേയിൽ ലെവൽ ഒന്ന് ശമ്പള തസ്തികയിലേക്ക് വിജ്ഞാപനം. 32,000ത്തോളം ഒഴിവുകളാണ് വരുന്നത്. യോഗ്യരായവരെ തിരഞ്ഞെടുക്കുന്നതിനായി കംപ്യൂട്ടർ അധിഷ്ഠിത പരീക്ഷ നടത്തും. സാങ്കേതിക വിഭാഗത്തിലെ അസിസ്റ്റൻറ് ലെവലും ട്രാക്ക് മെയിൻ റൈയിനർ പോലെയുള്ള തസ്തികകളും ഇതിൽ ഉൾപ്പെടും. സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ തുടങ്ങിയവയിൽ അസിസ്റ്റൻറുമാരുടെയും ഒഴിവുകളുണ്ട്. ഹെൽപ്പർ എന്നപേരിൽ മുൻപ് അറിയപ്പെട്ടിരുന്ന തസ്തികകളാണിത്. 18,000 രൂപയാണ് അടിസ്ഥാന ശമ്പളം. അപേക്ഷിക്കാനുള്ള പ്രായപരിധി: 2025 ജൂലൈയിൽ 18 നും 36 വയസിനും ഇടയിൽ പ്രായം. കോവിഡിന് ശേഷം ഈ തസ്തികകളിലേക്കുള്ള ആദ്യ വിജ്ഞാപനം ആയതിനാൽ മൂന്ന് വർഷത്തെ ഇളവുചേർത്താണ് ഇക്കുറി പ്രായം നിശ്ചയിച്ചിരിക്കുന്നത്. ഓൺ ലൈനായാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. അപേക്ഷിക്കേണ്ട അവസാന തിയ്യതി ഫെബ്രുവരി 22.

പദ്ധതികൾക്ക് കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
ഫാമിലി അപ്പോസ്റ്റോലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

## സാന്ത്വനം

**സാന്ത്വനം സർജിക്കൽസ് (രോഗി പരിചരണ ഉപകരണബാങ്ക്)**

ഡിസംബർ മാസത്തിൽ കട്ടിൽ,എയർബെഡ്,ബെഡ്, വീൽചെയർ,ക്രച്ചസ് എന്നീ സർജിക്കൽ ഉപകരണങ്ങൾ വിവിധ ഇടവകകളിലെ രോഗികൾക്ക് നൽകി.

**ഭവന നിർമാണ പ്രവർത്തനങ്ങൾ**

കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷനും സാന്ത്വനവും ചേർന്ന് നടപ്പിലാക്കുന്ന സാന്ത്വന ഭവന പദ്ധതി പുരോഗമിക്കുന്നു. കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷന്റെയും പെരിഞ്ചേരി കുടുംബയോഗത്തിന്റെയും സഹായത്തോടെ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ പൂച്ചിന്നിപ്പാടം ഇടവകയിൽ നിർമിച്ച ഭവനം ആശീർവദിച്ച് താമസത്തിനായി നൽകി. ആശീർവാദകർമ്മം ഇടവക വികാരി ഫാ.ജിയോ പള്ളിപ്പുറത്തുക്കാരൻ നിർവഹിച്ചു. ആശീർവാദചടങ്ങിൽ സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, അസ്സോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി, അസി.ഡയറക്ടർ ഫാ.ഡിക്സൺ കൊളംമ്പ്രത്ത് എന്നിവർ സന്നിഹിതരായിരുന്നു. പെരിഞ്ചേരി കുടുംബയോഗം പ്രതിനിധികൾ, പ്രോജക്ട് കോർഡിനേറ്റർ സി.ജിസ്മരിയ OSF, സാന്ത്വനം സ്റ്റാഫ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

**സ്വയം സഹായ സംഘം രൂപീകരണം**

തെക്കേ തൊറവിൽ സ്വയം സഹായ സംഘം രൂപീകരിച്ചു.

തെക്കേ തൊറവ് സെന്റ് ആന്റണീസ് ദേവാലയ ഹാളിൽ നടന്ന മീറ്റിം ഗിൽ കോർഡിനേറ്റർ ശ്രീമതി. ബീന വർഗ്ഗീസ് പങ്കെടുത്തു. 3 സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു. 50 പേർ പങ്കെടുത്തു.

**കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു.**

ചേലക്കരയിലെ പട്ടികജാതിയിൽപ്പെട്ട യുവതികൾക്ക് കെവികെ യുടെയും സാന്ത്വനത്തിന്റെയും നേതൃത്വത്തിൽ BV 380 കോഴികു ഞ്ഞുങ്ങളെ വിതരണം ചെയ്തു.കോർഡിനേറ്റർ ശ്രീമതി. ബീന വർഗ്ഗീസ് നേതൃത്വം നൽകി.

**ജ്യൂട്ട് ബാഗ്, പേപ്പർബാഗ് പരിശീലനം**

തോന്നൂർക്കര പാസ്റ്ററൽ സെന്ററിൽ വെച്ച് പട്ടികജാതിയിൽപ്പെട്ട യുവതികൾക്ക് കെവികെയുടെയും സാന്ത്വനത്തിന്റെയും നേതൃത്വ ത്തിൽ ജ്യൂട്ട് ബാഗ്, പേപ്പർബാഗ് എന്നിവയുടെ നിർമാണ പരിശീ ലനം നൽകി. 30 ഓളം യുവതികൾ പങ്കെടുത്തു. കോർഡിനേറ്റർ ശ്രീമതി. ബീന വർഗ്ഗീസ് നേതൃത്വം നൽകി.

**ഇലക്ട്രിക് സ്കൂട്ടർ വിതരണം ചെയ്തു**

തൃശൂർ അതിരൂപതാ സാന്ത്വനത്തിൽ 50% സാമ്പത്തിക സഹായ ത്തോടെ നടപ്പിലാക്കി വരുന്ന നെറ്റ് സീറോ പ്രോജക്ടിന്റെ ഭാഗമായി 17 ഇലക്ട്രിക് സ്കൂട്ടർ വിതരണം ചെയ്തു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസാസിയേറ്റ് ഡയറക്ടർ

**ഫാ. ടെൻസ് കുന്നപ്പിള്ളി**
അസിസ്റ്റന്റ് ഡയറക്ടർ

**ഫാ.ഡിക്സൺ കൊളമ്പ്രത്ത്**
അസിസ്റ്റന്റ് ഡയറക്ടർ
ഇൻ ചാർജ്ജ്

# ബൈബിൾ പ്രേഷിതത്വം

**ബൈബിൾ രചന-സാഹിത്യ മത്സരങ്ങൾ**

2025 ജനുവരി 24-ാം തിയ്യതി സുവിശേഷകന്മാരുടെ തിരുനാൾ ദിനത്തിൽ ബൈബിൾ സാഹിത്യ മത്സരങ്ങൾ ആരംഭിക്കുകയാണ്. തൃശ്ശൂർ ബൈബിൾ പ്രേഷിതത്വത്തിന്റെ കയ്യെഴുത്ത് വിഭാഗമായ സ്ക്രിപ്ത്തൂരയുടെ നേതൃത്വത്തിലാണ് മത്സരങ്ങൾ നടത്തപ്പെടുന്നത്. വിവിധ ഇനങ്ങളിലായി ഉപന്യാസം, ചെറുകഥ, കവിത തുടങ്ങിയ മത്സരങ്ങളാണ് നടത്തപ്പെടുന്നത്.

ബൈബിൾ ഉപന്യാസ മത്സരം

വിഷയം: നാല് സുവിശേഷങ്ങളിൽ പരാമർശിക്കുന്ന ഏതെങ്കിലും ഒരു സംഭവത്തെക്കുറിച്ചും അതിന്റെ ആനുകാലിക പ്രസക്തിയും സമന്വയിപ്പിച്ച് എഴുതണം.

പ്രായപരിധി: 18 വയസ്സ് പൂർത്തിയായ ഏവർക്കും ഈ മത്സരത്തിൽ പങ്കു ചേരാം.

ബൈബിൾ ചെറുകഥ: മൂന്ന് പ്രായവിഭാഗങ്ങളായിട്ടാണ് ചെറുകഥ മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ഓരോ പ്രായ വിഭാഗത്തിലുള്ളവർക്കും വ്യത്യസ്തങ്ങളായ വിഷയങ്ങളായിരിക്കും.

പ്രായപരിധിയും വിഷയങ്ങളും:

12 വയസ്സു മുതൽ 18 വയസ്സ് വരെ, വിഷയം: ഈശോയുടെ ജീവിതത്തിലെ ഏതെങ്കിലും ഒരു അത്ഭുത സംഭവം.

19 വയസ്സ് മുതൽ 39 വയസ്സ് വരെ, വിഷയം : ബൈബിളിലെ പഞ്ചഗ്രന്ഥിയിൽ നിന്നുള്ള ഏതെങ്കിലും ഒരു സംഭവം.

40 വയസ്സു മുതൽ 60 വയസ്സുവരെ വിഷയം : ബൈബിളിലെ ഏതെങ്കിലും ഒരു പ്രവാചകന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ള സംഭവം.

ബൈബിൾ കവിതാരചന

പ്രായപരിധികൾ ഇല്ല.

വിഷയം : പരിശുദ്ധ അമ്മയെ കുറിച്ച് ബൈബിളിൽ ഉള്ള പരാമർശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് എഴുതുന്നതായിരിക്കണം.

ശ്രദ്ധിക്കേണ്ട നിബന്ധനകൾ

1. വേറെ പ്രസിദ്ധീകരണങ്ങളിൽ വരാത്ത ലേഖനം ആയിരിക്കണം.

2. കത്തോലിക്ക വിശ്വാസത്തിന് എതിരില്ലാത്ത രീതിയിലുള്ള അവതരണമായിരിക്കണം.

3. ഊഹാപോഹങ്ങളും കേട്ടുകേൾവികളും ഉൾചേർക്കരുത്.

4. കൈകൊണ്ട് എഴുതുന്ന ലേഖനം നാല് പുറത്തിൽ കവിയരുത്.

5. കൈകൊണ്ട് എഴുതുന്ന കഥ നാലുപുറത്തിൽ കവിയരുത്.

6. കൈകൊണ്ട് എഴുതുന്ന കവിത ഒരു പുറത്തിൽ കവിയരുത്.

സാഹിത്യ രചനാ മത്സരങ്ങളുടെ അവസാന തീയതി ഏപ്രിൽ മാസം 15-ാം തീയതിയാണ്. കൈകൊണ്ട് എഴുതിയ രചനകൾ ബൈബിൾ പ്രേഷിതത്വത്തിന്റെ ഓഫീസിലേക്ക് നേരിട്ട് എത്തിക്കേണ്ടതാണ്.

**ബൈബിൾ പകർത്തിയെഴുത്ത്**

കെ സി ബി സി ബൈബിൾ കമ്മീഷൻ ഈ വർഷം വിശുദ്ധ ഗ്രന്ഥത്തിലെ പഴയ നിയമമാണ് പകർത്തി എഴുതുവാനായി നിർദ്ദേശിച്ചിരിക്കുന്നത്. കഴിഞ്ഞവർഷം പുതിയ നിയമം എഴുതിക്കഴിഞ്ഞവർക്ക് ഈ വർഷം പഴയ നിയമം പകർത്തിയെഴുതാവുന്നതാണ്. വിശുദ്ധ ഗ്രന്ഥം പകർത്തി എഴുതുന്നവരുടെ പ്രാർത്ഥന കൂട്ടായ്മയാണ് സൊഫറീം സോഫിയ. ഈ കൂട്ടായ്മയിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് പ്രത്യേക സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. ഈ വർഷം 4 തവണ അതിരൂപതതലത്തിൽ സൊഫറീം സോഫിയ കൂടുന്നത്.

മാർച്ച് 30- ലൂർദ്ദ് കത്തീഡ്രൽ, ജൂൺ 8- പുത്തൻപള്ളി, സെപ്റ്റംബർ 7- ലൂർദ്ദ് കത്തീഡ്രൽ, ഡിസംബർ 7 - പുത്തൻപള്ളി

**പുതിയ നിയമ പഠനപരമ്പര**

ബൈബിൾ പ്രേഷിതത്വത്തിന്റെ കീഴിലുള്ള ബൈബിൾ അക്കാദമിയും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയും, പി ഒ സി ബൈബിൾ കമ്മീഷനും ഒരുമിച്ച് നടത്തുന്ന ബൈബിൾ പഠന ക്ലാസുകൾ മാർച്ച് മാസം രണ്ടാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഡി ബി സി എൽ സി യിൽ വെച്ച് ആരംഭിക്കുന്നു. ഒരു വർഷം നീണ്ടു നിൽക്കുന്ന ബൈബിലെ പുതിയ നിയമപഠനമാണിത്. ബൈബിൾ പഠനം പൂർത്തിയായവർക്ക് ബൈബിൾ അക്കാദമിയുടെയും, തിയോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സർട്ടിഫിക്കറ്റുകളും പരീക്ഷയിൽ പങ്കെടുക്കുന്നവർക്ക് പിഒസി നൽകുന്ന പ്രത്യേക സർട്ടിഫിക്കറ്റുകളും ലഭ്യമാകുന്നതാണ്.

**ഫാ. ദിജോ ഒലക്കേങ്കിൽ**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി

**ക്രിസ്തുമസ് കാർഡ് & നാനോ ക്രിബ് മത്സരം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി ക്രിസ്തുമസിനോട് അനുബന്ധിച്ച് ക്രിസ്തുമസ് കാർഡ് മത്സരവും നാനോ ക്രിബ് മത്സരവും സംഘടിപ്പിച്ചു. ക്രസ്തുമസ് കാർഡ് മത്സരത്തിൽ

മുന്നൂറോളം കുട്ടികളും നാനോ ക്രിബ് മത്സരത്തിൽ നൂറോളം കുട്ടികളും പങ്കെടുത്തു. കുട്ടികൾ തയ്യാറാക്കിയ കാർഡുകൾ വീയ്യൂർ സെൻട്രൽ ജയിലിലെ അന്തേവാസികൾക്ക് ക്രിസ്തുമസ് സന്ദേശത്തോടെ തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് കൈമാറി.

**Saints' Quiz 2k24 Winners**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതതല സെയിന്റ് ക്വിസ്സ് ഡി.ബി.സി.എൽ.സി.യിൽ വെച്ച് 2025 ജനുവരി 2 ന് നടത്തി. 16 ഫൊറോനകളിൽ നിന്നുള്ള വിവിധ യൂണിറ്റുകൾ മത്സരത്തിൽ പങ്കെടുത്തു. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റും മെമന്റോയും വിതരണം ചെയ്തു. റവ. ഫാ. ലിയോ പുത്തൂരും, റവ. സി. ആൻ കരോളിൽ സി.എച്ച്.എഫ് ഉം മത്സരത്തിന് നേതൃത്വം നൽകി. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും ആശംസകൾ നേരുന്നു.

സമ്മാനർഹരായ ടീമുകൾ

First - Guruvayoor
Chezna Rose Sojan. M
Quinstessa Mary Sojan. M
Della Rose. M. S

Second - St. Jude Church, Nattika
Theresa Angel Paul
Kripa K.A
Ananwai K Ajith

Third - Manjakunnu
Evangeline Amal
Angel Mariya C .B
Aljeena George

**ആഘോഷമായ കുർബാനസ്വീകരണം**

ആഘോഷമായ കുർബാന സ്വീകരണത്തിന് ഒരുക്കുന്ന അദ്ധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി 2024 മാർച്ച് 8-ാം തിയ്യതി ശനിയാഴ്ച്ച അതിരൂപത മതബോധനകേന്ദ്രത്തിൽ (ഡി.ബി.സി.എൽ.സി.) വച്ച് നടത്തുന്നു. സമയം ഉച്ചയ്ക്ക് 1.30 മുതൽ 4.00 മണിവരെ. പങ്കെടുക്കാൻ താൽപര്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 9947582522

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

<u>തിരുവചനം:</u> ''എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക. അവിടുന്ന് നൽകിയ അനുഗ്രഹമൊന്നും മറക്കരുത്.'' (സങ്കീർത്തനം 103: 2)

<u>സുകൃതജപം:</u> എന്റെ ഈശോയെ നിന്നെ അധികമായി സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ!

പ്രാർത്ഥനാ നിയോഗം: അർഹതപ്പെട്ട നല്ലൊരു വിദ്യഭ്യാസം ഏവർക്കും ലഭ്യമാകുന്നതിനും ഓരോരുത്തരുടേയും അവകാശങ്ങൾ മാനിക്കപ്പെടുന്നതിനുമായി പ്രാർത്ഥിക്കാം.

പരിചയപ്പെടുന്ന വിശുദ്ധൻ: സ്വന്തം ഇഷ്ടം വർജിക്കുന്നവരേ, ദൈവസ്നേഹത്തിൽ പുരോഗമിക്കുകയുള്ളൂ. അങ്ങനെ സ്വയം പരിത്യജിച്ചു സ്വന്തം ഇഷ്ടം നിഷേധിക്കാൻ നിരന്തരം പരിശ്രമിച്ചു പുണ്യ പരിപൂർണത നേടിയ വിശുദ്ധ ഓസ്വാൾഡ് ആണ് നാം ഈ മാസം പരിചയപ്പെടുവാൻ പോകുന്നത്. യോർക്കിലെ ആർച്ച് ബിഷപ്പായിരുന്ന ഓസ്വാൾഡ് അതിരൂപതയിൽ ചുറ്റിനടന്ന് പ്രസംഗിക്കുന്നതിലും തെറ്റുകൾ തിരുത്തുന്നതിലും വളരെ ശ്രദ്ധാലുവായിരുന്നു. എളിമയും പരസ്നേഹവും അഭ്യസിക്കുവാൻ വേണ്ടി ഭക്ഷണമേശയിൽ 12 ദരിദ്രരെ കൂടെ ഇരുത്തിയാണ് അദ്ദേഹം ആഹാരം കഴിച്ചിരുന്നത്. പലപ്പോഴും അവർക്ക് ഭക്ഷണം വിളമ്പി കൊടുക്കുകയും അവരുടെ പാദങ്ങൾ കഴുകി മുത്തുകയും ചെയ്തിരുന്നു. 33 വർഷത്തെ ഭരണശേഷം വിശുദ്ധൻ രോഗാദീനനാവുകയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്ന് പല തവണ ഉരുവിട്ട് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. വിശുദ്ധന്റെ തിരുനാൾ ഫെബ്രുവരി 29 ന് തിരുസഭയിൽ കൊണ്ടാടുന്നു.

പ്രവർത്തനം: ഈ ജൂബിലി വർഷത്തിൽ നിശ്ചയിക്കപ്പെട്ട വിശുദ്ധ കവാടങ്ങളിലൂടെ കടന്ന് പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാൻ ശ്രമിക്കുമല്ലോ.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ജീജ SSPC**
കോർഡിനേറ്റർ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ ജൂബിലി വർഷത്തോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപതയിൽ ഫെറോനതല കുടുംബോത്സവം

ഡിസംബർ 14 ശനിയാഴ്ച ലൂർദ്, പാലയൂർ, കൊട്ടേക്കാട് എന്നീ സബ് സോൺകളിലും ഡിസംബർ 21 ശനിയാഴ്ച പുത്തൂർ, കണ്ടശാങ്കടവ് എന്നീ ഫെറോനകളിലും കുടുംബോത്സവങ്ങൾ നടന്നു. ലൂർദ് സബ് സോൺ കുടുംബോത്സവം ഒല്ലൂക്കര സെന്റ് ജോസഫ്

ദേവാലയത്തിൽ വെച്ച് നടന്നു. ലൂർദ് ഫൊറോന വികാരി വെരി. റവ. ഫാ. ഡേവിസ് പുലിക്കോട്ടിൽ തിരിതെളിയിച്ച് അനുഗ്രഹപ്രഭാഷണം നടത്തി. റവ. ഫാ. മാത്യു വെട്ടത്ത് ബൈബിൾ പ്രതിഷ്ഠ നടത്തി. കെ.സി.എസ്.സി. റിസോഴ്സ് ടീം അംഗം റോയ് തൈക്കാട്ടിൽ 'കരിസ്മാറ്റിക് നവീകരണത്തിലെ ആധ്യാത്മിക സമ്പന്നത' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നൽകി. അതിരൂപത വികാരി ജനറൽ ജോസ് കോനിക്കര വിശുദ്ധ ബലിക്ക് മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് സ്നേഹവിരുന്നും. രണ്ടുമണിക്ക് പാനൽ സെഷൻ സർവീസ് ടീം അംഗം റീന റാഫേൽ നേതൃത്വം നൽകി ഫാമിലി മിഷനെ കുറിച്ച് സോൺ സെക്രട്ടറി റോയ് തൈക്കാട്ടിൽ സംസാരിച്ചു. തുടർന്ന് മുൻകാലങ്ങളിൽ സബ് സോൺ കോ-ഓർഡിനേറ്റർ സോണൽ സർവീസ് ടീം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നവരെയും 25, 35 വർഷം പ്രാർത്ഥന കൂട്ടായ്മയിൽ പങ്കെടുത്തവരെയും പ്രത്യേകം ആദരിച്ചു. ദിവ്യകാരുണ്യ ആരാധനയ്ക്ക് റവ ഫാ. റോയി വേളക്കൊമ്പിൽ നേതൃത്വം നൽകി.

പാലയൂർ സബ് സോൺ കുടുംബോത്സവം പാവറട്ടി സെന്റ് ജോസഫ് തീർത്ഥകേന്ദ്രം ദേവാലയത്തിൽ വച്ച് നടന്നു. പാലയൂർ ഫൊറോന വികാരി റവ. ഫാ. ഡേവിസ് കണ്ണമ്പുഴ തിരിതെളിയിച്ച് ഉദ്ഘാടനം ചെയ്തു. ഇടവക വികാരി റവ. ഫാ. ആന്റണി ചെമ്പകശ്ശേരി അനുഗ്രഹപ്രഭാഷണം നടത്തി. കെ.സി.എസ്.സി. അംഗം സാബു എം. വർഗീസ് വചന സന്ദേശം നൽകി. അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റോയ് വേളാക്കൊമ്പിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. വിവാഹത്തിന്റെ ജൂബിലി ആഘോഷിക്കുന്നവരെയും 25, 30 വർഷം പ്രാർത്ഥനാ കൂട്ടായ്മയിൽ സ്ഥിരമായി വരുന്നവരെയും പ്രത്യേകം ആദരിച്ചു.

കൊട്ടേക്കാട് ഫൊറോന കുടുംബോത്സവം പേരാമംഗലം സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് നടന്നു ഫൊറോന ആനിമേറ്റർ റവ. ഫാ. ജയ്സൺ മാറോക്കി തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. സോൺ കോ-ഓർഡിനേറ്റർ ഷാജു വചന ക്ലാസ്സ് നൽകി. അഡ്വക്കേറ്റ് ടോമി പാനൽ സെക്ഷൻ ചെയ്തു. സോൺ സെക്രട്ടറി റോയ് ഫാമിലി മിഷനെ കുറിച്ച് സംസാരിച്ചു. സബ് സോണിലെ പ്രീച്ചിംഗ്, സ്പിരിച്വൽ ഷെയറിംഗ് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും പ്രാർത്ഥനാ കൂട്ടായ്മയിൽ സ്ഥിരമായി 25 വർഷം പൂർത്തീകരിച്ചവരെയും സബ്സോൺ കോ-ഓർഡിനേറ്റർമാരായിരുന്നവരെയും സർവീസ് ടീം അംഗങ്ങളെയും പ്രത്യേകം ആദരിച്ചു.

കണ്ടശാംകടവ് ഫൊറോന കുടുംബോത്സവം എറവ് കപ്പൽ പള്ളിയിൽ വെച്ച് നടന്നു. ഇടവക വികാരി റവ. ഫാ. റോയ് വടക്കൻ

തിരിതെളിയിച്ച് സന്ദേശം നൽകി. സോൺ കോ-ഓർഡിനേറ്റർ ഷാജു വചന സന്ദേശം നൽകി. സബ് സോൺ ആനിമേറ്റർ ബൈജു കാഞ്ഞിരത്തിങ്കൽ വിശുദ്ധ കുർബാന അർപ്പിച്ചു. സബ് സോണിലെ പ്രീച്ചർമാരെയും സ്പിരിച്ചൽ ഷെയറിങ് നടത്തുന്നവരെയും ഇടവക കൂട്ടായ്മകളിൽ 25, 35 വർഷം പൂർത്തീകരിച്ചവരെ പ്രത്യേകം ആദരിച്ചു. സോൺ സെക്രട്ടറി റോയ് തൈക്കാട്ടിൽ ഫാമിലിമിഷനെ കുറിച്ച് പങ്കുവെച്ചു.

പുത്തൂർ സബ് സോൺ കുടുംബോത്സവം പുത്തൂർ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്നു. ഫൊറോന വികാരി റവ. ഫാ. ജോജു പനക്കൽ തിരി തെളിയിച്ച് കുടും ബോത്സവം ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.സി. അംഗം സാബു എം. വർഗീസ് കുടുംബോസവ സന്ദേശം നൽകി. അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. ഷാജു ഫാമിലി മിഷനെക്കുറിച്ച് സംസാരിച്ചു. മുൻ കോ-ഓർഡിനേറ്റർമാരെയും വിവാഹത്തിന്റെ ജൂബിലി ആഘോഷിക്കുന്നവരെയും പ്രീച്ചിംഗ് കൗൺസിലിംഗ് മേഖലയിലുള്ളവരെയും പ്രത്യേകം ആദരിച്ചു

**തിരുസന്നിധി**

ഡിസംബർ പതിനെട്ടാം തീയതി തിരുസന്നിധി ശുശ്രൂഷ കണ്ണാറ സെന്റ് ജോസഫ് ദേവാലയത്തിൽ വെച്ച് നടന്നു. സബ് സോൺ ആനിമേറ്റർ വർഗീസ് കരിപ്പേരി ജൂബിലി തിരിതെളിയിച്ചു. കോ-ഓർഡിനേറ്റർ ഷാജു ജൂബിലി സന്ദേശം നൽകി.

**ഫാ. റോയ് വേളക്കൊമ്പിൽ**

ഡയറക്ടർ

# അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

**പാരിഷ് ബുള്ളറ്റിൻ മത്സരം 2024**

അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും പ്രസിദ്ധീക രിക്കുന്ന പാരിഷ് ബുള്ളറ്റിനുകൾക്കായി അതിരൂപതാ പബ്ലിക് റിലേ ഷൻസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന 2024ലെ പാരിഷ് ബുള്ളറ്റിൻ മത്സരത്തിലേക്കു അപേക്ഷകൾ ക്ഷണിക്കുന്നു. താഴെപ്പറയുന്ന മാനദണ്ഡങ്ങളനുസരിച്ച് ബുള്ളറ്റിനുകളും കൃതികളും 2025 മാർച്ച്

31ന് മുമ്പ് 'ബുള്ളറ്റിൻ മത്സരം' എന്ന് എഴുതിയ കവറിലാക്കി ആർച്ച് ബിഷപ്സ് ഹൗസ് റിസപ്ഷനിൽ ഏല്പിക്കേണ്ടതാണ്. 2025 മാർച്ച് 31നുശേഷം ലഭിക്കുന്ന ബുള്ളറ്റിനുകൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.

1. മികച്ച പാരിഷ്ബുള്ളറ്റിൻ

1.1. പ്രതിമാസം പ്രസിദ്ധീകരിക്കുന്നവയ്ക്കും ഇടവിട്ട് പ്രസിദ്ധീകരിക്കുന്നവയ്ക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കും.

1.2. ഈ മത്സരത്തിലെ മൂല്യനിർണ്ണയത്തിനു മാർക്കുവിഭജനം താഴെപ്പറയും വിധമായിരിക്കും: കവർ (15%), എഡിറ്റോറിയൽ (15%), ലേ ഔട്ട് (15%), ഉള്ളടക്കം (50%) ഇതര കാര്യങ്ങൾ (5%)

1.3. ഈ മത്സരത്തിന് 2024 വർഷം പ്രസിദ്ധീകരിച്ച ബുള്ളറ്റിനുകൾ ബൈൻഡ് ചെയ്ത ഒരു കോപ്പി സമർപ്പിക്കണം.

2. മികച്ച എഡിറ്റോറിയൽ

2.1. മികച്ച എഡിറ്റോറിയൽ – 2024 ഒക്ടോബർ എഡിറ്റോറിയൽ പേജ് മാത്രം.

2.2. ഒന്നിടവിട്ട മാസങ്ങലിൽ പ്രസിദ്ധീകരിക്കുന്ന ബുള്ളറ്റിനുകളിൽ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ ഏതെങ്കിലും ഒരു എഡിറ്റോറിയലാണ് സമർപ്പിക്കേണ്ടത്.

2.3. വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

3. മികച്ച കവർ, മികച്ച മികച്ച ലേ ഔട്ട്

3.1. ഈ മത്സരങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നവയ്ക്കു മാത്രമായിരിക്കും

3.2. മികച്ച കവർ – 2024 നവംബർ (ഒരു കോപ്പി)

3.3. മികച്ച ലേ ഔട്ട് – 2024 ആഗസ്റ്റ് (ഒരു കോപ്പി)

4. മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ

4.1. എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നതോ അല്ലാത്തതോ എന്നു വേർതിരിവ് ഈ വിഭാഗത്തിന് ഉണ്ടായിരിക്കുന്നതല്ല.

4.2. ഓരോ പാരിഷ്ബുള്ളറ്റിനിൽനിന്നും ഓരോ വിഭാഗത്തിലേക്കും ഏറ്റവും മികച്ചതെന്നു തോന്നുന്ന ഒരു കൃതിയാണ് മത്സരത്തിന് സമർപ്പിക്കേണ്ടത്. (ഉദാ. കവിത – ഒരെണ്ണം, ലേഖനം – ഒരെണ്ണം എന്നിങ്ങനെ).

4.3. ഈ മത്സരങ്ങൾക്ക് പരിഗണിക്കപ്പെടേണ്ട കൃതികളടങ്ങുന്ന ബുള്ളറ്റിൻ പേജുകൾ മാത്രം ഒരു കോപ്പി വീതം നൽകണം. ഇതിൽ വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

5. വികാരിയച്ചന്മാരുടെയും കൊച്ചച്ചന്മാരുടെയും പംക്തി

5.1. വികാരിയച്ചന്റെ പംക്തി – 2024 ഏപ്രിലിലെ വികാരിയച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി.


5.2. കൊച്ചച്ചന്റെ പംക്തി – 2024 ജൂൺ മാസത്തിലെ കൊച്ചച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി

6. ഓരോവിഭാഗത്തിലുമുള്ള മത്സരത്തിന് പരിഗണക്കപ്പെടേണ്ട ബുള്ളറ്റിനുകളോ മത്സരയിനമോ വെവ്വേറെയായി തരം തിരിച്ച് ഒരുകോപ്പി വീതം നല്കണം.

6.1. മത്സരഫലം പ്രഖ്യാപിച്ചശേഷം ബുള്ളറ്റിനുകൾ തിരികെ ലഭിക്കുന്നതാണ്.

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ

യേശുവിന്റെ
ജ്ഞാനസ്നാനം
**സ്വർഗത്തിൽനിന്ന്
ഒരു സ്വരമുണ്ടായി:
നീ എന്റെ പ്രിയപുത്രൻ,
നിന്നിൽ ഞാൻ
പ്രസാദിച്ചിരിക്കുന്നു.
(മർക്കോ 1: 11)**



The Presentation of the Lord
February 2

## തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള

# നവവൈദികർ

ആശംസകളോടെ അതിരൂപത കുടുംബം



Fr. Arackal Alwin CMI
Varakkara



Fr. Inchodikkaran
Akhil Joseph CMI
Cherpu



Fr. Inchodikkaran
Vipin Vinson CMI
Cherpu



Fr. Alappatt Jerin CMI
Mundathikode



Fr.Tharayil Shijo CMI
Chazhur



Fr. Nedunganal Jerin MCBS
Bharatha



Fr. Koothur
Jinil Jacob CMI
Mattom



Fr. Vadukkoot Albin
Puranattukara




Fr. Thattil Raison
Jeggy OFM. Cap.
Veluthur



Fr. Chirayath Vibinto CMI
Kottapady



Fr. Chowalloor
Jaison CMI
Kottapady



Fr. Kannampillil Stickson
Jose OFM.Cap.
Pallikkunnu



Fr. Kunnel Akshay
Maria MSJ
Pallikkunnu



Fr.  Kuruthukulangara
Sumesh MI
Kuriachira



Fr. Panakkal Shebin CMI
Kottapady



Fr. Puthukara
Ajo OFM. Cap
Mundur



Fr. Vadakkethala
Noble SDB
Thangalur

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.01.2025
**February - 2025**




തൃശ്ശൂർ അതിരൂപതയിലെ നവവൈദികർ അഭിവന്ദ്യപിതാക്കന്മാരോടൊപ്പം

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor